# കാരുണികൻ

Vol.17 No.07 July 2020

സമഗ്രദൈവശാസ്ത്രമാസിക


# വചനബോധി

## സീറോ മലങ്കര


Karunikan Magazine
Perumanoor P.O
Thevara - 682 015, Cochin
0484- 2663933, 9496468035
www.karunikan.com,
vachanabodhik@gmail.com



www.malankaralibrary.com

# വചനബോധി
## സീറോമലങ്കര

**പത്രാധിപസമിതി**
- ഫാ.ജോയി ചെഞ്ചേരിൽ (എഡിറ്റർ)
- ഫാ.ജെറിൻ വലിയപറമ്പിൽ
- ഫാ.ചാക്കോ വടക്കേത്തലയ്ക്കൽ

# ഉള്ളടക്കം

**ആഗസ്റ്റ് 02**
പെന്തിക്കോസ്തിക്കുശേഷം 9-ാം ഞായർ : 03
ലൂക്കാ 14:7-11
- ഡോ. പോൾ കുഞ്ഞാനയിൽ mcbs
- ഫാ. ആദർശ് കുമ്പളത്ത്

**ആഗസ്റ്റ് 09**
തേജസ്ക്കരണശേഷം 1-ാം ഞായർ : 08
മർക്കോ 21:28-32
- ഡോ. പോൾ കുഞ്ഞാനയിൽ mcbs
- ഫാ. മാർട്ടിൻ പ്രേമാനന്ദ് oic

**ആഗസ്റ്റ് 15**
ശൂനോയോ പെരുന്നാൾ : 12
- ഫാ. മിഥുൻ ജോസഫ് ചെമ്മായത്ത്

**ആഗസ്റ്റ് 16**
തേജസ്ക്കരണശേഷം 2-ാം ഞായർ : 16
മർക്കോ 12:38-44
- ഡോ. സി. തെരേസ നടുപ്പടവിൽ sabs
- ഫാ. അബ്രഹാം നടുവിലേടം

**ആഗസ്റ്റ് 23**
തേജസ്ക്കരണശേഷം 3-ാം ഞായർ : 24
ലൂക്കാ 18:9-14
- ഡോ. ജേക്കബ് മുല്ലൂർ
- ഫാ. നിർമലാനന്ദ് oic

**ആഗസ്റ്റ് 30**
തേജസ്ക്കരണശേഷം 4-ാം ഞായർ : 32
മർക്കോ 10:35-45
- ഡോ. സിറിയക് വലിയകുന്നുംപുറം
- ഫാ. അബ്രഹാം ഇരിമ്പിനിക്കൽ

www.malankaralibrary.com

വചനബോധി
സീറോമലങ്കര

ആഗസ്റ്റ്
02

# പെന്തിക്കോസ്തിക്കു ശേഷം 9-ാം ഞായർ

# ഭാഷ്യം

## ലൂക്കാ 14:7-11

## സന്ദർഭം

ഒരു ഫരിസേയപ്രമാണിയുടെ വീട്ടിൽ വിരുന്നിനുപോകുന്ന യേശു ദൈവരാജ്യത്തിലെ വിരുന്നിനെക്കുറിച്ച് പഠിപ്പിക്കുന്നതാണ് ഈ സുവിശേഷഭാഗത്തിന്റെ സന്ദർഭം. ദൈവകരുണക്ക് ആരൊക്കെ യാണ് അർഹരായിത്തീരുന്നതെന്ന് യേശു ഇവിടെ വ്യക്തമാക്കുന്നു.

## സാരം

വിരുന്ന് തയ്യാറാക്കിയ ഫരിസേയപ്രമാണിക്കല്ല മറിച്ച് തികച്ചും അപ്രസക്തനും യഹൂദരുടെ കണ്ണിൽ ദൈവത്താൽ ശപിക്കപ്പെട്ടവനുമായ മഹോദരരോഗിക്കാണ് ദൈവകരുണ രോഗശാന്തിയായി ലഭിക്കുന്നത് (vv. 1-6). അതുപോലെ സ്വയം പ്രമുഖരായി കരുതുന്നവരല്ല, തങ്ങളെത്തന്നെ അവസാനസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നവരാണ് മഹത്വത്തിന് അർഹരായിത്തീരുന്നത്. ലഭിക്കുന്ന നന്മയ്ക്ക് പ്രതിഫലമായി തിരിച്ചൊന്നുംതന്നെ നൽകാൻ കഴിവില്ലാത്തവരും സമൂഹത്തിന്റെ പുറംപോക്കിൽ കഴിയുന്നവരുമായ വ്യക്തികളെ സഹായിക്കുമ്പോൾ പുനരുത്ഥാനത്തിൽ നീതിമാന്റെ പ്രതിഫലത്തിന് നാം അർഹരായിത്തീരും.

## സന്ദേശം

മഹത്വത്തെക്കുറിച്ചും പ്രതിഫലത്തെക്കുറിച്ചും തികച്ചും വ്യത്യസ്തവും നൂതനവുമായ പ്രബോധനങ്ങളാണ് സുവിശേഷം നൽകുന്നത്. സ്വയം താഴുന്നതിലെ ഉയർച്ചയും പകരം ലഭിക്കാത്തതിലെ പ്രതിഫലവുമാണ് അതിന്റെ ഉള്ളടക്കം.

**ഡോ. പോൾ കുഞ്ഞാനയിൽ mcbs**



www.malankaralibrary.com

# പ്രസംഗം

## വിരുന്നുമേശയിലെ ക്രിസ്തുപാഠങ്ങൾ

ലൂക്കാസുവിശേഷം 14-ാം അധ്യായം 7മുതൽ 14വരെയുള്ള തിരുവചനങ്ങൾ കർത്താവു ചില പ്രത്യേകകാര്യങ്ങൾ നമ്മെ പഠിപ്പിക്കാൻ, ചില ധാർമികകാര്യങ്ങൾ പഠിപ്പിക്കാൻവേണ്ടി പറയുന്ന ഒരു കഥയാണ്. കഥ കർത്താവാണ് പറയുന്നത് എന്നുള്ളതുകൊണ്ടുതന്നെ ആ കഥക്ക്, അതിന്റെ ഓരോ വാക്കുകൾക്കും അതിന്റേതായ അർത്ഥമുണ്ട്. ലൂക്കാസുവിശേഷത്തിലുടനീളം നാം ഇങ്ങനെയുള്ള വിരുന്നുകൾ കാണുന്നുണ്ട്. പലതരത്തിൽ, പലസമയത്തുള്ള വിരുന്നുകൾ. ഒരുപാട് വിരുന്നുമേശകളിൽകൂടെയാണ് സുവിശേഷത്തിൽ കർത്താവ് കടന്നുപോകുന്നത്. ഇവിടെയും ഒരു വിരുന്നുമേശയെ ആധാരമാക്കിയാണ് കർത്താവ് ചില കാര്യങ്ങൾ പഠിപ്പിക്കാൻ ആഗ്രഹിക്കുന്നത്. വിവാഹത്തിന് മറ്റുള്ളവരെ വിളിക്കുമ്പോൾ ക്ഷണിക്കുന്നവൻ ഏതുരീതിയിൽ പെരുമാറണം, ക്ഷണിക്കപ്പെട്ടവൻ ഏതുരീതിയിൽ പെരുമാറണം. അങ്ങനെ ക്ഷണിച്ചവനും ക്ഷണിക്കപ്പെട്ടവനും പെരുമാറേണ്ട ചില കാര്യങ്ങളിലൂന്നി വളരെ ദൈവികമായ ചില സനാതനസത്യങ്ങൾ പഠിപ്പിക്കാനാണ് കർത്താവ് ആഗ്രഹിക്കുന്നത്. ആദ്യം ക്ഷണിക്കപ്പെട്ടവർ എപ്രകാരം പെരുമാറണം, അവർ ഒരിക്കലും മുമ്പിലേക്ക് തള്ളിക്കയറിയിരിക്കാൻ പാടില്ല. അവരെപ്പോഴും ഏറ്റവുമൊടുവിലത്തെ സ്ഥാനത്തുവേണം പോയിരിക്കാൻ. കാരണം നമ്മെക്കാൾ ബഹുമാന്യനായ ഒരാളെ അവർ വിളിച്ചിട്ടുണ്ടെങ്കിൽ ആ കസേര വരുന്നവർക്കുവേണ്ടി നാം ഒഴിഞ്ഞുകൊടുക്കണം. എന്നാൽ ആദ്യംതന്നെ അവസാനസ്ഥാനത്തുപോയിരുന്നാൽ എല്ലാവരുടെയും മുമ്പിൽവച്ച് വിരുന്നുകാരൻ നമ്മുടെ എളിമയെ പ്രകീർത്തിക്കുകയും നമ്മെ മുമ്പിലേക്ക് ക്ഷണിച്ചുവരുത്തുകയും ചെയ്യും.



www.malankaralibrary.com

അങ്ങനെ നാം ക്ഷണിച്ചിരുത്തപ്പെടുമ്പോഴാണ് മറ്റുള്ളവരുടെ മുമ്പിൽ നമുക്കൊരു അംഗീകാരവും ബഹുമാനവും ലഭിക്കുന്നത്. നേരെ മറിച്ചാണെങ്കിൽ അത് അപമാനമായിത്തീരും.

നമ്മുടെ ജീവിതത്തിലെ ചില പ്രവർത്തികളാണിവിടെ സൂചിപ്പിക്കപ്പെടുന്നത്. പലപ്പോഴും വിവേകരഹിതമായ പ്രവൃത്തികൾ വലിയ നാശത്തിലേക്ക് നമ്മെ കൊണ്ടെത്തിക്കും. അത്ര ഗൗരവകരമല്ല എന്നുനാം കരുതുന്ന കാര്യങ്ങളാണ് പലപ്പോഴും നമ്മെ നിത്യമായ അപമാനത്തിലേക്കു തള്ളിവിടാൻ കാരണമാകുന്നത്. കാരണം ഒരു കസേര തിരഞ്ഞെടുക്കുമ്പോൾപോലും അതിനുപിന്നിൽ ഒരു ദൈവികതയും ഒരു വിവേകവും ഉണ്ടായിരിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് കർത്താവ് പറയുന്നത്: “നിങ്ങൾ സർപ്പങ്ങളെപ്പോലെ വിവേകികളായിരിക്കുവിൻ.” നമ്മുടെ ജീവിതത്തിൽ പലപ്പോഴും നമുക്കു നഷ്ടപ്പെട്ടുപോകുന്ന പരിശുദ്ധാത്മാവിന്റെ പുണ്യമാണ് വിവേകം. ആ വിവേകം എപ്പോൾ, എവിടെവച്ച്, എങ്ങനെ, ആരോട് പെരുമാറണമെന്നുള്ളതിന്റെ ഒരു മൂല്യക്രമമാണ്. ഒരു വ്യക്തി വിവേകത്തോടുകൂടി പെരുമാറുമ്പോഴാണ് അവന്റെ ജീവിതം അബദ്ധങ്ങളിൽപ്പെടാതെ വിജയത്തിലെത്തുന്നത്. ഇല്ലെങ്കിൽ നിരന്തരമായ അപമാനങ്ങൾ നമ്മെ പിടികൂടിക്കൊണ്ടിരിക്കും. അതുകൊണ്ട് ഒരു വ്യക്തിയുടെ ജീവിതവിജയത്തിന്റെ ഏറ്റവും പ്രധാനപ്പെട്ടകാര്യം വിവേകത്തോടുകൂടെ പെരുമാറുക എന്നുള്ളതാണ്. ചില സ്ഥലങ്ങളിൽ തല അല്പം താഴ്ത്തിപ്പിടിക്കാനാവണം. എങ്കിൽ മാത്രമേ സർപ്പത്തെപ്പോലെ വിവേകികളായിരിക്കണം എന്ന വചനം പൂർത്തീകരിക്കപ്പെടുകയുള്ളൂ. സർപ്പം വിവേകം കാണിക്കുന്നത് അടികൊള്ളുമ്പോഴാണ്. അടികിട്ടുമ്പോൾ തലക്ക് അടികിട്ടാതിരിക്കാൻ അത് എപ്പോഴും സൂക്ഷിക്കും. അത് സർപ്പത്തിന്റെ വിവേകമാണ്. എന്നാൽ തല ഉയർത്തിപ്പിടിക്കാൻ പറ്റുന്ന സമയത്ത് അത് തല ഉയർത്തിപ്പിടിക്കുകയും ആക്രമിക്കുകയും ചെയ്യും. തല താഴ്ത്തി ഇഴഞ്ഞുപോകേണ്ട സമയത്ത് അത് അപ്രകാരം ചെയ്യും. അതാണ് സർപ്പത്തിന്റെ വിവേകം.

ഇതുപോലെ ചില സമയങ്ങളിൽ നാം പിന്നിലേക്കു മാറുന്നതാണ് വിവേകം. ഇന്നത്തെ കാലഘട്ടം നമ്മെ പഠിപ്പിക്കുന്നതു നേരെ തിരിച്ചാണ്. എപ്പോഴും ഒന്നാമതെത്തുകയെന്നതാണ്. എന്നാൽ അതാകരുത് നമ്മുടെ ജീവിതലക്ഷ്യം. അങ്ങനെ നാം ആയിരിക്കാൻ



www.malankaralibrary.com

കർത്താവ് ആഗ്രഹിക്കുന്നില്ല. ശിഷ്യന്മാരെ കൂടെകൊണ്ടുനടന്നപ്പോഴും ചിലപ്പോഴൊക്കെ ചിലരെ വളരെ രൂക്ഷമായി കർത്താവ് വിമർശിക്കുന്നുണ്ട്. കാനാൻകാരി അതിനൊരു ഉദാഹരണമാണ്. നിരന്തരം അവൾ കർത്താവിന്റെ പിന്നാലെ ചെന്നിട്ടും കർത്താവ് അവളെ പരിഗണിക്കുന്നില്ല. എന്നിട്ടും അവളുടെ അങ്ങനെയുള്ള ചില തിരുത്തലുകൾ നമ്മുടെ ജീവിതത്തിൽ വലിയൊരു വിശ്വാസ സത്യം പുറത്തെടുക്കാൻ വേണ്ടിയാണ്. അതുകൊണ്ട് പിൻമാറേണ്ട സമയങ്ങളിൽ പിൻമാറുക എന്നുള്ളത് ഏറ്റ വും വലിയ വിവേകമായി നാം കാണണം. കർത്താവുതന്നെ പലപ്പോഴും ജനക്കൂട്ടത്തിന്റെ ഇടയിൽനിന്ന് പിൻവാങ്ങുന്നതായി നാം കാണുന്നുണ്ട്. അവനെ രാജാവാക്കാൻ ആളുകൾ ശ്രമിച്ചുവെന്നും നാം കാണുന്നുണ്ട്. അപ്പോൾ അവൻ അവിടെനിന്ന് പിൻവാങ്ങി. അവനെ താഴ്വരയിലേക്ക് തള്ളിയിട്ടുകൊല്ലാൻ ഒരിക്കൽ അവർ ആഗ്രഹിച്ചു. അവൻ ജനക്കൂട്ടത്തിനിടയിലൂടെ നടന്നു പിൻവാങ്ങി. ഈയൊരു പിൻവാങ്ങലിന്റെ ആത്മീയത നാം മനസ്സിലാക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് കർത്താവ് പറയുന്നത് തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും. തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും. താഴ്ത്തുകയും ഉയർത്തുകയും ചെയ്യാൻ നാം നമ്മെത്തന്നെ വിട്ടുകൊടുക്കണം എന്നുള്ളതാണ്. താഴേണ്ട സമയങ്ങളിൽ താഴാനും ഉയർന്നുനിൽക്കേണ്ട സമയങ്ങളിൽ ഉയർന്നുനില്ക്കാനും നമുക്കു സാധിക്കണം.

രണ്ടാമത്തെ കാര്യം ക്ഷണിച്ചവനോടുള്ള കർത്താവിന്റെ അനുശാസനമാണ്. ക്ഷണിക്കുന്നവൻ എപ്രകാരമാണ് ക്ഷണിക്കുന്നത്, അതിന്റെ മാനദണ്ഡമെന്താണ്. പലപ്പോഴും അതൊരു സാധാരണചിന്തയനുസരിച്ച് നമ്മുടെ രീതിക്കും നിലക്കും അനുസരിച്ചുള്ളവരെയാണ് നാം കൂടെക്കൊണ്ടുനടക്കുന്നത്. എന്നാൽ കർത്താവ് പറയുന്നു, ‘അങ്ങനെയുള്ളവരെയല്ല നിങ്ങൾ ക്ഷണിക്കേണ്ടത്. നിങ്ങൾ ഒരാളെ വിരുന്നിനു ക്ഷണിക്കുമ്പോൾ അവൻ വികലാംഗനോ, മുടന്തനോ, കുരുടനോ ആയാൽ നിനക്ക് ഭാഗ്യം. ഇതിന്റെ അർത്ഥമെന്താണ്? നിവർന്നുനില്ക്കുന്ന നാം നാമാൽ താങ്ങപ്പെടേണ്ട അനേകമാളുകൾ താഴ്വരകളിലുണ്ട് എന്നു നാം തിരിച്ചറിയണം. നമ്മോടൊപ്പമുള്ളവർക്ക് നാം ഇല്ലെങ്കിലും നില്ക്കാൻ സാധിക്കും. എന്നാൽ നമ്മെക്കാൾ താഴ്ന്നുനില്ക്കുന്നവർക്ക് നമ്മുടെ ഒരു കൈത്താങ്ങ്



www.malankaralibrary.com

ആവശ്യമുണ്ട്. നമ്മുടെ ജീവിതത്തിൽ നടക്കുന്ന ഒരു സദ്യപോലും, ഒരു ചെറിയ ആഘോഷംപോലും മറ്റൊരാൾക്ക് കൈത്താങ്ങുപകരുന്നതിന് കാരണമായിത്തീർന്നാൽ അതിലും വലിയ പുണ്യം എന്താണ്?

കർത്താവ് നല്കുന്ന ഈ ചിന്ത നമ്മുടെ ജീവിതത്തിൽ എപ്പോഴും നാം പാലിക്കേണ്ടതാണ്. എളിമയെന്ന പുണ്യം അഭ്യസിക്കാൻ വളരെ ബുദ്ധിമുട്ടാണ്. അതിനെപ്പറ്റി വാചാലമായി സംസാരിക്കാൻ നമുക്ക് സാധിക്കും. അതുകൊണ്ട് എളിമയോടുകൂടി ആയിരിക്കാനുള്ള കൃപ പരിശുദ്ധാത്മാവ് നമുക്ക് പ്രദാനം ചെയ്യട്ടെ.

**ഫാ. ആദർശ് കുമ്പളത്ത്**



www.malankaralibrary.com

വചനബോധി
സീറോമലങ്കര

ആഗസ്റ്റ്
09

# തേജസ്ക്കരണശേഷം 1–ാം ഞായർ

## ഭാഷ്യം

മത്താ 21:28–32

### സന്ദർഭം

തന്റെ മിശിഹാദൗത്യം വെളിപ്പെടുത്തിക്കൊണ്ട് ജറുസലെമിലേക്ക് രാജകീയമായി പ്രവേശിച്ച് ദൈവാലയം ശുദ്ധീകരിച്ച യേശുവിന്റെ അധികാരത്തെ ചോദ്യംചെയ്ത യഹൂദപ്രമാണിമാർക്കുള്ള മറുപടിയായി യേശു പറഞ്ഞ മൂന്നു ഉപമകളിൽ (മത്താ 21:28–22:14) ആദ്യത്തേതാണ് ഈ സുവിശേഷഭാഗം.

### സാരം

ഈ ഉപമയിലെ രണ്ടു പുത്രന്മാരും സുവിശേഷം എടുത്തുകാണിക്കുന്ന രണ്ടു വിഭാഗങ്ങളെ പ്രതിനിധാനം ചെയ്യുന്നു. അതിൽ ആദ്യത്തെ കൂട്ടർ ദൈവഹിതം അനുവർത്തിക്കുന്നവരെന്നു സ്വയം അഭിമാനിക്കുന്നവരെങ്കിലും അങ്ങനെ പ്രവർത്തിക്കാൻ മറന്നുപോകുന്ന യഹൂദപ്രമാണിമാരാണ്. രണ്ടാമത്തെ ഗണം പാപികളായി കരുതപ്പെടുന്നെങ്കിലും പശ്ചാത്തപിച്ചു ദൈവഹിതാനുസരണം ജീവിക്കാൻ ശ്രമിക്കുന്ന ചുങ്കക്കാരും വേശ്യകളും ഉൾക്കൊള്ളുന്ന ആളുകളാണ്. കുടുംബമഹിമയോ സമൂഹത്തിലെ ഉയർന്നസ്ഥാനമോ അല്ല; പശ്ചാത്താപമാണ് ഒരു വ്യക്തിയെ സ്വർഗരാജ്യത്തിനു യോഗ്യനാക്കിത്തീർക്കുന്നത്.

### സന്ദേശം

പറയുന്ന വാക്കുകളുടെ പൊലിമ കൂട്ടലല്ല നേരെമറിച്ച് അത് നിറവേറ്റി ജീവിക്കാൻ കാണിക്കുന്ന ആത്മാർത്ഥതയാണ് ദൈവപുത്ര/പുത്രി സ്ഥാനത്തിനും സ്വർഗരാജ്യത്തിനും നമ്മെ അർഹരാക്കുന്നത്. പശ്ചാത്താപവും ജീവിതനവീകരണവുമാണ് അതിലേക്കുള്ള രാജപാത.

**ഡോ. പോൾ കുഞ്ഞാനയിൽ mcbs**



www.malankaralibrary.com

# പ്രസംഗം

## പ്രവർത്തനങ്ങളിൽ പ്രകടമാകേണ്ട ആദർശം

നാം ജീവിക്കുന്ന ലോകവും ഉൾപ്പെട്ടിരിക്കുന്ന സഭയും പാർക്കുന്ന ഭവനവും എല്ലാം അപൂർണത നിറഞ്ഞതാണ്. ചിലർ അപൂർണത ഉണ്ട് എന്ന കാര്യം അംഗീകരിക്കാറില്ല. വേറെചിലർ അപൂർണത മനസ്സിലാക്കിയാലും തങ്ങൾ ആയിരിക്കുന്നതുപോലെ തുടർന്നു ജീവിക്കാൻതന്നെ താല്പര്യപ്പെടുന്നു. അപൂർണതകളെയും കുറവുകളെയും മനസ്സിലാക്കികഴിയുമ്പോൾ അതിനെപ്പറ്റി അനുതപിക്കുകയും തെറ്റുതിരുത്തുകയും ചെയ്യുന്നത് വിശാലമനസ്കതയുടെയും വളർച്ചയുടെയും അടയാളമാണ്. തെറ്റുകളെപ്പറ്റി ബോധ്യമായിട്ടും അതിൽത്തന്നെ തുടരുന്നത് കഠിനഹൃദയത്തിന്റെയും ധാർഷ്ഠ്യത്തിന്റെയും പ്രതിഫലനവും. ഇന്നത്തെ സുവിശേഷഭാഗത്ത് ഈ രണ്ടുതരത്തിൽപെട്ട ആളുകളെ പ്രതിനിധീകരിക്കുന്നവരെ മത്തായി സുവിശേഷകൻ എടുത്തുകാട്ടുന്നു.

ഇസ്രായേലിനെ ദൈവം ന്യായം വിധിക്കാനിരിക്കുന്നു എന്നു വ്യക്തമാക്കുന്ന മൂന്ന് ഉപമകൾ ഈശോ പറയുന്നുണ്ട്. അതിൽ ആദ്യ ഉപമയാണ് ഇന്നത്തെ സുവിശേഷത്തിൽ. മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ, വിവാഹവിരുന്നിന്റെ ഉപമ എന്നിവയാണ് മറ്റു രണ്ടെണ്ണം. ഈ മൂന്ന് ഉപമകളിലും പൊതുവായി കാണുന്നത് പ്രതീക്ഷയ്ക്കൊത്തവണ്ണം  പ്രവർത്തിക്കാത്തവരെയാണ്.

അസാധാരണമോ കഠിനമോ ആയ കാര്യമൊന്നുമല്ല ഉപമയിലെ പിതാവ് മക്കളോട് ആവശ്യപ്പെടുന്നത്. തങ്ങൾകൂടി അനുഭവിക്കേണ്ട ആദായത്തിനുവേണ്ടി അധ്വാനിക്കേണ്ടത് അവരുടെ കടമയാണ്. കൂലിക്കാരെ പണിക്കുനിർത്തുന്നവർപോലും അവരോടൊപ്പം പണിചെയ്യുന്നത് അക്കാലത്ത് സർവസാധാരണമായിരുന്നു. എന്നിട്ടും ഒരാൾ വാക്കുവ്യത്യാസം വരുത്തുകയും മറ്റെയാൾ പിതാവിന്റെ ആവശ്യം ആദ്യം നിഷേധിക്കുകയും ചെയ്യുന്നു.

ഇന്നും തുടരുന്ന ഒരു യാഥാർത്ഥ്യമാണിത്. സഭയിൽനിന്നും സമൂഹത്തിൽനിന്നും ഭവനത്തിൽനിന്നുമെല്ലാം ധാരാളം നന്മകൾ സ്വീകരിക്കുന്ന പലരും അവരുടെ ഉത്തരവാദിത്വങ്ങൾ മറന്ന് തങ്ങളുടെ അവകാശങ്ങളെപ്പറ്റിമാത്രം ചിന്തിക്കുന്നു. തങ്ങൾ സ്വീകരിച്ചവയ്ക്ക്



www.malankaralibrary.com

പകരം സംഭാവന നൽകേണ്ടവരാണെന്ന കാര്യം വി സ്മരിച്ച് അവർ സ്ഥിരം പരാതിക്കാരായി മാറുന്നു. യഥേഷ്ടം സർവസുഖസൗകര്യ ങ്ങളുമനുഭവിക്കാൻ ഇഷ്ടപ്പെടുന്ന ഇവർ തങ്ങളുടെ സർവസ്വത ന്ത്രജീവിതത്തെ ആരെങ്കിലും ചോദ്യംചെയ്താൽ ശത്രുപക്ഷം ചേ ർന്ന്, അന്നുവരെ തുണനൽകിയവരെ ഭത്സിക്കാൻപോലും മടിക്കാ ത്തത് നാം കാണുന്നുണ്ടല്ലോ.

അനുസരിക്കാത്ത മൂത്തമകൻ, ധിക്കാരിയായ ഇളയപുത്രൻ – ഈ രണ്ടുപേരിൽ മെച്ചം രണ്ടാമൻതന്നെയാണ്. ആദ്യത്തെയാൾ അയാളുടെ ആദർശം വാക്കുകളിൽ ഒതുക്കി. പിതാവിന്റെ പ്രീതിനേ ടാൻ അനുസരണം നടിച്ചെങ്കിലും അയാൾ ആത്മവഞ്ചന ചെയ്യു ന്നു. രണ്ടാമനാകട്ടെ, തന്റെ ധിക്കാരപൂർവമായ സംസാരത്തെപ്പറ്റി വീണ്ടുവിചാരമുണ്ടായി പിതാവിന്റെ ഹിതമനുസരിച്ചു പെരുമാറുന്നു. അധികാരാവകാശങ്ങൾ മൂത്തമക്കൾക്കായിരുന്നതിനാൽ മൂത്തമക നായിരുന്നു കൂടുതൽ ഉത്തരവാദിത്വം കാണിക്കേണ്ടിയിരുന്നത്. അവൻ അതു ചെയ്തില്ല.

യഹൂദജനത്തിന്റെ, വിശേഷിച്ച് അവരിലെ മേലാളവർഗത്തിന്റെ മനോഭാവത്തോടുള്ള പരിഹാസപ്രതികരണമെന്നുവേണമെങ്കിൽ ഈ ഉപമയെപ്പറ്റി പറയാം. ദൈവത്തിന്റെ സ്വന്തംജനം എന്ന് അഭിമാ നം കൊണ്ടിരുന്ന അവരെ പ്രതിനിധീകരിക്കുന്നവനാണ് മൂത്തമകൻ. സ്വർഗരാജ്യത്തിന് അവകാശികളല്ലെന്ന് യഹൂദർ കരുതിയിരുന്ന പുറ ജാതിക്കാരുടെ പ്രതിനിധിയാണ് രണ്ടാമത്തെ മകൻ. മേനി നടിക്കാ ൻവേണ്ടി ചെയ്യുന്ന ബഹുലങ്ങളായ ബാഹ്യകാര്യങ്ങളല്ല, മറിച്ച് ആ ത്മാർത്ഥതയോടെ ചെയ്യുന്ന ചെറിയ കാര്യങ്ങളാണ് ദൈവത്തിനു പ്രീതികരമെന്ന് ഈ ഉപമയിലൂടെ ഈശോ വ്യക്തമാക്കുന്നു.

തെറ്റുകൾ മനുഷ്യസഹജമാണ്. അവയെ തിരിച്ചറിഞ്ഞശേഷവും അതിൽത്തന്നെ തുടരാൻ ചിലർ താല്പര്യപ്പെടുന്നു. തിരുത്തുന്നത് തങ്ങൾക്കു അഭിമാനക്ഷതമാണെന്നു കരുതുന്നതുകൊണ്ടാണ് പല രും തെറ്റിനെ അംഗീകരിക്കാത്തതും തിരുത്താൻ മനസ്സാകാത്ത തും. താഴ്മയുള്ള വ്യക്തിക്കുമാത്രമേ തെറ്റു തെറ്റാണെന്നു സമ്മ തിക്കാൻ കഴിയുകയുള്ളൂ. ഉപമയിലെ രണ്ടാമത്തെ മകനെപ്പോലെ തെറ്റിനെപ്പറ്റി അനുതപിച്ച് ദൈവസന്നിധിയിലെത്തുന്നവരെ ദൈവം ഉയർത്തുന്നു.



www.malankaralibrary.com

ഉപരിതലസ്പർശിയായ പ്രവർത്തനങ്ങളും പ്രകടനപരതയും (exhibitionism) കൊണ്ട് കളം നിറഞ്ഞുനിൽക്കാനാണ് പലരും ആഗ്ര ഹിക്കുന്നത്. എന്നാൽ ഈശോ പറയുന്നത് പ്രഖ്യാപനങ്ങളല്ല, പ്ര വർത്തനമാണ് നമുക്കാവശ്യം എന്നാണ്. പ്രവർത്തിക്കുമ്പോൾ തെറ്റു പറ്റിയെന്നുവരാം. എന്നാൽ ആ തെറ്റിനെപ്പറ്റി അനുതാപമുണ്ടോ? മ ടങ്ങിവരാൻ സന്മനസ്സുണ്ടോ? എങ്കിൽ നിന്റെ സഹായത്തിനായി ദൈവം ഒപ്പമുണ്ടാകും. നാം എത്രതവണ വീണു എന്നതല്ല, വീണി ടത്തുനിന്ന് എഴുന്നേൽക്കാൻ പരിശ്രമിച്ചോ എന്നാണു ദൈവം നോ ക്കുന്നത്. നമുക്കു വീഴ്ചകൾ പറ്റിയാൽ അത് അംഗീകരിക്കുക, അല്ലാ തെ അതിനെ ന്യായീകരിക്കയല്ലവേണ്ടത്. ദാവീദ് പ്രാർത്ഥിച്ചതു പോലെ അനുതാപമുള്ള ഹൃദയം എനിക്കു തരണമേയെന്ന് ദിനം തോറും പ്രാർത്ഥിക്കാൻ നമുക്കുകഴിയണം. മടക്കയാത്രയ്ക്ക് ആദ്യം വേണ്ടത് തപിക്കുന്ന ഒരു ഹൃദയമാണ്.

നാം മുറിപ്പെടുത്തിയാലും ക്ഷമിക്കാൻ സന്നദ്ധതയുള്ള, കാത്തി രിക്കുന്ന ഒരു പിതാവ് നമുക്കുണ്ട് – നമ്മെ സ്നേഹിക്കാൻമാത്രം അറിയുന്ന ദൈവം. വീഴ്ചകൾ പൊറുത്ത് നമ്മെ സ്വീകരിക്കാൻ തയ്യാ റായിരിക്കുന്ന അവന്റെ പക്കലേക്ക് നമുക്ക് അനുതാപത്തോടെ ഓടി യെത്താം.

**ഫാ. മാർട്ടിൻ പ്രേമാനന്ദ് oic**



www.malankaralibrary.com

വചനബോധി
സീറോമലങ്കര

ആഗസ്റ്റ്
15

# ശൂനോയോ പെരുന്നാൾ

## പ്രിയമായതുവിട്ട് സ്വർഗം സ്വന്തമാക്കുക

ജ്ഞാനസ്നാനത്തിന്റെ പുണ്യംപേറി ക്രിസ്തീയവിശ്വാസത്തിൽ അടയാളപ്പെട്ടു കഴിയുന്നവർക്കൊക്കെ ഇന്ന് ആത്മീയതയുടെ ആഘോഷമാണ്. 'ഇതാ നിന്റെ അമ്മ' എന്ന ഒറ്റവാക്കുകൊണ്ട് ഈ ലോകത്തിനു മുഴുവൻ കരുതലിന്റെ കുടപിടിച്ച ഒരമ്മ സ്വർഗ്ഗത്തിന്റെ അനശ്വരമായ മഹിമയിലേക്ക് സംവഹിക്കപ്പെട്ടതിന്റെ ഓർമ്മ പേറുന്ന ദിനം. അതോടൊപ്പം അനീതിയുടെ അധികാരദണ്ഡാടിച്ച് പാരതന്ത്ര്യത്തിന്റെ അടിമത്തത്തിനു കുറുകെ, സകലമാന ഭാരതീയന്റെയും വ്രണിതാനുഭവങ്ങൾക്കുമേൽ സൗഖ്യലേപനത്തിന്റെ ത്രിവർണ പതാക പറത്തി സ്വാതന്ത്ര്യത്തിലേക്ക് ഇന്ത്യ കടന്നിട്ട് ഇന്ന് 73 ആ ണ്ടുകളും പിന്നിടുന്നു. ഭാരതം എന്ന പേരുപോലും വലിയ ചാലകശക്തിയായി നെഞ്ചിലേറ്റുന്ന എല്ലാ സഹോദരങ്ങൾക്കും സ്വാതന്ത്ര്യദിനത്തിന്റെ ആശംസകൾ നേരുന്നതോടൊപ്പം പരിശുദ്ധ അമ്മയുടെ സ്വർഗാരോപണ തിരുനാളിന്റെ മംഗളങ്ങളും ആശംസിക്കുന്നു.

പരിശുദ്ധ മറിയത്തിന്റെ മരണശേഷം ദൈവം മറിയത്തെ ഉടലോടെ സ്വർഗത്തിലേക്ക് എടുക്കുകയും സ്വർഗത്തിന്റെ രാജ്ഞിയായി അവരോധിക്കുകയും ചെയ്തു. അപ്പസ്തോലസാക്ഷ്യങ്ങളിലൂടെയും സഭാപിതാക്കന്മാരുടെ ലിഖിതങ്ങളിലെ വെളിപ്പെടുത്തലുകളിലൂടെയും കൈമാറിപ്പോന്ന ഈ പാരമ്പര്യവിശ്വാസം 1950-ൽ പന്ത്രണ്ടാം പിയൂസ്പാപ്പ കത്തോലിക്കാസഭയുടെ വിശ്വാസസത്യമായി പ്രഖ്യാപിച്ചു. രക്ഷാകരചരിത്രത്തിന്റെ വേദപുസ്തകചുരുളുകളിൽ ഒളിഞ്ഞും തെളിഞ്ഞുമൊക്കെ മിന്നിമറഞ്ഞു കടന്നുപോകുന്ന സ്ത്രീജന്മങ്ങൾ കുറച്ചൊന്നുമല്ല. അമ്മമാർ, ഭാര്യമാർ, രാജ്ഞിമാർ, സഹോദരികൾ, പ്രവാചികമാർ എന്നിങ്ങനെ നീളുന്ന സ്ത്രീജനങ്ങൾക്കിടയിൽ മറിയം എന്ന ഒരൊറ്റ സ്ത്രീമാത്രം സ്വർഗത്തിന്റെ രാജ്ഞിത്വത്തിലേക്ക് വാഴ്ത്തപ്പെടുന്നതെങ്ങനെയെന്നതാണ് ആഗസ്റ്റ് 15-ലെ സ്വർഗാരോപണത്തിരുനാളിന്റെ ധ്യാനം.



www.malankaralibrary.com

പഴയകാലത്തിന്റെ അത്ര നല്ലതല്ലാത്ത ഒരു കേൾവി ഓർമയിലുണ്ട്. "കണ്ണൂർ ജയിൽ ആണുങ്ങൾക്കുള്ളതാടാ..." അല്പം ഒന്നു ഭേദപ്പെടുത്തുകയാണ്. "സ്വർഗം വിജയികൾക്കുള്ളതാടാ..." അതേ, സ്വർഗം വിജയിച്ചവർക്കുള്ളതാണ്. വിജയിച്ചവർക്ക് മാത്രം. മറിയം വിജയിച്ചവളായിരുന്നു എന്നതാണ് ഒന്നാമത്തെ വിചാരം. വിജയം എന്ന പദത്തിന് കൈനിറയെ പണം നേടുന്നവനെന്നും പേരിനും കുലത്തിനും ചന്തം ചാർത്തുന്നവനെന്നുമൊക്കെ നിർവചനങ്ങൾ കല്പ്പിക്കപ്പെട്ട ഒരു വ്രണിതകാലത്തിലാണ് മനുഷ്യൻ ജീവിക്കുന്നത്. കാലത്തിന്റെ നിയമങ്ങൾക്കും സമൂഹം തുന്നിച്ചേർത്ത ചില ആചാരങ്ങൾക്കും മുകളിൽ ദൈവത്തിനും അവന്റെ വാക്കിനും ഇടംകൊടുത്തതു മാത്രമല്ല മറിയത്തിന്റെ വിജയം. മരണവിയോഗത്തിന്റെ വാൾമുന ഹൃദയത്തിനുമുകളിൽ തൂങ്ങിയാടുന്നുണ്ടെന്ന ശിമയോൻ പ്രവാചകന്റെ ഓർമപ്പെടുത്തൽ ഉള്ളപ്പോഴും കൃപയായി കിട്ടിയ കുരുന്നിനെ ദൈവത്തോടും സ്വന്തം ദൈവനിയോഗത്തോടും ചേർത്തുനിർത്താൻ മറിയം കാണിക്കുന്ന കെട്ടുറപ്പാണ് മറിയത്തിന്റെ വിജയം.

മറിയം എന്ന അമ്മയ്ക്ക് മകനെക്കുറിച്ച് സ്വപ്നങ്ങൾ ഉണ്ടായിരുന്നിരിക്കണം. ഏതൊരമ്മയും ആഗ്രഹിക്കുന്ന മക്കളുടെ സാന്നിധ്യവും സാമീപ്യവും ആഗ്രഹിച്ചിട്ടുണ്ടാകണം. ജരാനരകൾ ബാധിക്കുന്ന ഏതൊരമ്മയും ആഗ്രഹിക്കുന്ന മക്കൾ നല്കുന്ന സുരക്ഷിതത്വം ആ അമ്മയും കിനാവുകണ്ടുകാണണം. എന്നിട്ടും വേദപുസ്തകത്തിന്റെ വരികൾക്കിടയിൽ ഒരിക്കൽപോലും പരാതികൾകൊണ്ടും പരിദേവനങ്ങൾകൊണ്ടും അവന്റെ നിയോഗങ്ങൾക്ക് കുറുകെ നില്ക്കുന്ന മറിയത്തെ നാം കാണില്ല. കാരണം, ആ അമ്മയ്ക്കറിയാം അവൻ തനിക്കു വേണ്ടിയുള്ളവനല്ലയെന്ന്.

ഈ ഭൂമിയിലെ സകലമാന അപ്പന്മാരുടെയും അമ്മമാരുടെയും മുന്നിൽ മറിയം ഉയർന്നുനില്ക്കുകയാണ് ഒരു ചോദ്യചിഹ്നം കണക്കെ. ചിലപ്പോഴെങ്കിലും സ്വന്തം ജീവിതത്തിൽ സാക്ഷാത്കരിക്കാൻ പറ്റാതെപോയ ചില കിനാവുകൾക്കുവേണ്ടി പോരാടാൻ മക്കളെ പ്രേരിപ്പിക്കുമ്പോഴും മറ്റേതൊക്കെയോ സ്വപ്നവഴികളെ കീഴടക്കാൻ മാത്രമായി ജീവിതം ഒതുങ്ങിപ്പോകുമ്പോഴും ആ മക്കളെ ദൈവത്തോടു ചേർത്തുനിർത്താനും യഥാർത്ഥ ദൈവനിയോഗത്തെ മനസ്സിലാക്കിയെടുക്കാനും എത്ര മാതാപിതാക്കൾക്കു കഴിയുന്നുണ്ട് എന്നതാണ് ചോദ്യം. വകതിരിവിന്റെ വകഭേദങ്ങളും മര്യാദയുടെ



www.malankaralibrary.com

മാനദണ്ഡങ്ങളും മക്കൾക്ക് പറഞ്ഞുകൊടുക്കാനും പകർന്നുകൊടുക്കാനും ആർജവം കാണിക്കുന്ന എത്ര മാതാപിതാക്കളുണ്ട് ഈ ഭൂമിയിൽ. അങ്ങനെയൊരു കണക്കെടുപ്പിന്റെ സാധ്യതകളിലേക്ക് കടന്നുചെന്നാൽ ഒരുപക്ഷെ വിജയികളെക്കാൾ വീണുപോയവരുടെ കഥകളായിരിക്കും ഏറ്റവും കൂടുതൽ ഈ ഭൂമിക്കുപറയാനുണ്ടാവുക. പക്വമല്ലാത്ത ചില അഭിനിവേശങ്ങളിലേക്കും ആസക്തികളിലേക്കും ഇറങ്ങിപോകാൻ ആവേശപ്പെടുന്ന മക്കളുടെ കുറുകെ നില്ക്കാൻ മാതാപിതാക്കൾക്കു കഴിയാതെപോകുന്നതാണ് ഈ സമൂഹത്തിന്റെ, ഈ കാലത്തിന്റെ ഏറ്റവും വലിയ ദുരന്തം.

വേദപുസ്തകത്തിന്റെ ഏടുകളിലെ ഒരമ്മയെ ഓർത്തെടുക്കുകയാണ്. റബേക്ക എന്നാണ് അവളുടെ പേര്. പൂർവപിതാവായ ഇസഹാക്കിന്റെ ഭാര്യ. രണ്ടുമക്കളിൽ ഇളയവനായ യാക്കോബിനോടായിരുന്നു അവൾക്ക് ഏറെ പ്രിയം. പ്രിയമുള്ള മകന് കടിഞ്ഞൂൽ അനുഗ്രഹത്തിന്റെ വരം കിട്ടാനായി കള്ളത്തരങ്ങളിലേക്ക് മകനെ തള്ളിയിടുന്നുണ്ട് ഈ അമ്മ. റബേക്ക വീണുപോയ ഓരോ അപ്പന്റെയും അമ്മയുടെയും പ്രതിനിധിയാണ്. തിരുത്തിക്കൊടുക്കേണ്ടവർ വീഴ്ചയുടെ കരിന്തിരികത്തലായി മാറുന്നു. അതുകൊണ്ടൊക്കെയായിരിക്കണം ചരിത്രം അത്രകണ്ട് അവളെ ഓർമിക്കാതെ പോയത്. ഒരമ്മ വീണുപോകുമ്പോൾ മറിയം എന്ന അമ്മ വിജയിയാവുന്നു. വിജയിയാവുക എന്നതാണ് ഏറ്റവും പ്രധാനം. കാരണം, സ്വർഗം വിജയികൾക്കുള്ളതാണ്.

തന്റെ ജീവിതത്തിൽ ഏറ്റവും പ്രിയമുള്ളതായി കണ്ടതിനെ ദൈവത്തിന് നല്കി എന്നതാണ് മറിയത്തെക്കുറിച്ചുള്ള രണ്ടാംവിചാരം. ഏറ്റവും പ്രിയപ്പെട്ട മകനെ ദൈവത്തിനുവിട്ടുകൊടുത്ത മറിയത്തിന് ദൈവം തനിക്കേറ്റവും പ്രിയപ്പെട്ടത് അവൾക്കും കൊടുക്കുന്നു; അതാണ് സ്വർഗം. സ്വർഗം സ്വന്തമാക്കാൻ ഒന്നേ വേണ്ടൂ. ഏറ്റവും പ്രിയപ്പെട്ടതെന്ന് കരുതി ഞാൻ നെഞ്ചോടടുപ്പിച്ചുപിടിക്കുന്നവപോലും ദൈവത്തിനു കൊടുക്കാൻ മനസ്സാവുക എന്നതാണ്. വിലപ്പെട്ട രത്നം സ്വന്തമാക്കാൻ തനിക്കുള്ളതെല്ലാം വിറ്റുപെറുക്കുന്ന രത്നവ്യാപാരിയെക്കുറിച്ചുള്ള വേദപുസ്തകസൂചനപോലും അത്തരമൊരു ക്ഷണമാണ്.

ചരിത്രത്തിന്റെ ഇടനാഴിയിൽ ഫ്രാൻസിസ് എന്ന മനുഷ്യനെ നമുക്ക് കാണാം. സകല ആഡംബരങ്ങളുടെയും കളിത്തൊട്ടിലിൽ ഉല്ലസിച്ചുനടന്ന പ്രഭുകുമാരൻ. ജീവിതം ആസ്വദിക്കാൻ വേണ്ടുന്ന



www.malankaralibrary.com

തിൽ അധികം ധനം. സ്തുതിപാടാൻ ചങ്ങാതിക്കൂട്ടം. ഒരു പ്രഭാതത്തിൽ ദൈവം അവനെ വിളിച്ചുചേർത്തുപിടിക്കുന്നുണ്ട്. എല്ലാറ്റിനുമൊടുവിൽ ഭ്രാന്തനെന്ന് ആരോപിക്കുന്ന അപ്പൻ ഉയർത്തിയ പ്രതിസന്ധിയുടെ മുനമ്പിൽ ഉടുതുണിപോലും ഊരിയുപേക്ഷിച്ച്, അന്നുവരെ പ്രിയപ്പെട്ടതായി അവൻ കരുതിയ സകലതിനെയും വിട്ടിട്ട് അവൻ ഇറങ്ങിനടക്കുകയാണ്. ദൈവമെന്ന സ്വർഗീയ അപ്പന്റെ കുടക്കീഴിലേക്ക്. ദൈവത്തിനുവേണ്ടി പ്രിയമുള്ളതൊക്കെ കൈവിട്ടവനെ ദൈവം പഞ്ചക്ഷതങ്ങളാൽ മുദ്രപ്പെടുത്തി സ്വന്തമാക്കിയപ്പോ ൾ ഈ ലോകം അവനെ രണ്ടാം ക്രിസ്തു എന്ന് വാഴ്ത്തി. അവനുവേണ്ടി ചിലതെല്ലാം കൈവിടാൻ പറ്റുംവിധം എന്റെ കരങ്ങളെന്നാണ് ബലപ്പെടുക എന്ന് ചിന്തിച്ച് വ്യസനിക്കേണ്ടിയിരിക്കുന്നു.

അടിമച്ചങ്ങലയിൽ വീർപ്പുമുട്ടുന്നവന്റെ സ്വർഗമാണ് സ്വാതന്ത്ര്യം. സ്വാതന്ത്ര്യത്തിന്റെ 73 വർഷങ്ങളുടെ ധന്യത നാം ആഘോഷിക്കുമ്പോൾ ഓർക്കണം ഇന്ത്യയുടെ മണ്ണിൽ അഭിമാനത്തോടെ കാലുറപ്പിച്ച്, നെഞ്ചുവിരിച്ച്, തലയുയർത്തിനിൽക്കാൻ, സ്വാതന്ത്ര്യത്തിന്റെ സ്വർഗം ആസ്വദിക്കാൻ എനിക്ക് കഴിയുന്നുണ്ടെങ്കിൽ അതൊക്കെ ആരൊക്കെയോ ചിലർ പ്രിയമുള്ളതെന്ന് കരുതിയ ജീവനും ജീവിതവുമൊക്കെ ഉപേക്ഷിക്കാനുള്ള ചങ്കുറപ്പ് കാണിച്ചതുകൊണ്ടാണ്.

മറ്റുള്ളവന്റെ സ്വർഗങ്ങളിലേക്ക് എത്തിനോക്കാനോ അതോർത്ത് അസൂയപ്പെടാനോ കച്ചമുറുക്കിയിറങ്ങേണ്ട. കാരണം, എനിക്കേറ്റവും പ്രിയപ്പെട്ടതെന്ന് ഞാൻ കരുതുന്ന ചില തഴക്കദോഷങ്ങളെ, ശീലക്കേടുകളെ, താളപ്പിഴകളെയൊക്കെ വിട്ടുപേക്ഷിച്ചാൽ എത്തിപ്പിടിക്കാവുന്ന സ്വർഗങ്ങൾ എന്റെ ജീവിതത്തിന്റെ ചുറ്റളവുകളിൽത്തന്നെയുണ്ടെന്ന് മനസ്സിലാക്കുന്നതാണ് ആദ്യ ചുവടുവയ്പ്. മകനെ വിട്ടുനൽകിക്കൊണ്ട് സ്വർഗം സ്വന്തമാക്കുകയുംചെയ്ത ഈ അമ്മയെ ഓർത്ത് മിഴിപൂട്ടുമ്പോൾ നിന്റെ ഹൃദയത്തിന്റെ ശ്രീകോവിലിൽ ചോദ്യമുയരട്ടെ; സ്വർഗമെന്ന സ്വപ്നത്തിലേക്ക് ഇനിയും എനിക്ക് എത്ര കാതങ്ങൾ?

**ഫാ. മിഥുൻ ജോസഫ് ചെമ്മായത്ത്**



www.malankaralibrary.com

വചനബോധി
സീറോമലങ്കര

ആഗസ്റ്റ്
16

# തേജസ്ക്കരണശേഷം 2-ാം ഞായർ

## ഭാഷ്യം

### മർക്കോ 12:38-44

### സന്ദർഭം

ജീവിതപരിസരങ്ങളിൽനിന്ന് നന്മതിന്മകളെ വിവേചിച്ച് ശിഷ്യരെ പഠിപ്പിക്കുന്ന യേശുവിനെയാണ് മർക്കോസ് സുവിശേഷകൻ തന്റെ പന്ത്രണ്ടാമധ്യായത്തിന്റെ അവസാനത്തിൽ അവതരിപ്പിക്കുന്നത്. പ്രധാനപുരോഹിതന്മാരും നിയമജ്ഞരും യേശുവിനെ നശിപ്പിക്കാൻ മാർഗം അന്വേഷിച്ചുകൊണ്ടിരിക്കുന്ന (11:18) സന്ദർഭത്തിലാണ്, അവരെ വീണ്ടും പ്രകോപിപ്പിക്കുന്ന വിധത്തിലുള്ള പ്രസ്താവനകൾ അവിടുന്ന് നടത്തുന്നത് എന്നത് വളരെ ശ്രദ്ധേയമാണ്

### സാരം

ഇന്നത്തെ സുവിശേഷവായനയിൽ യേശു നൽകുന്ന പ്രബോധനത്തിനു രണ്ടുഭാഗങ്ങളുണ്ട്: സമൂഹത്തിൽ ബഹുമാന്യരും ധനികരും ഭക്തിപ്രകടനം നടത്തുന്നവരുമായ നിയമജ്ഞരെ സൂക്ഷിച്ചുകൊള്ളുവിൻ എന്ന മുന്നറിയിപ്പും ദൈവാലയത്തിൽ ഏറ്റവും വിനീതമായ കാഴ്ചയർപ്പിക്കുന്ന വിധവയുടെ മനോഭാവത്തെ സ്വീകരിക്കാനുള്ള ഉപദേശവും.

നിയമജ്ഞർ യഹൂദരിലെ സമ്പന്നരും സ്വാധീനശക്തിയുമുള്ള വിഭാഗമായിരുന്നു. അവർക്കെതിരെ ജാഗ്രതയുള്ളവരായിരിക്കാൻ ഉപദേശിച്ചുകൊണ്ടാണ് അവരുടെ തിന്മകളെ ജനക്കൂട്ടത്തിനുമുമ്പാകെ ഈശോ തുറന്നുകാട്ടുന്നത്. അവരുടെ തിന്മകൾ ഇവയാണ്: സ്ഥാനമോഹവും ധനമോഹവും. എവിടെയായാലും മുഖ്യസ്ഥാനം ലഭിക്കണമെന്നും ആദരിക്കപ്പെടണമെന്നും അവർ ആഗ്രഹിക്കുന്നു. ഭക്തി



www.malankaralibrary.com

പ്രകടനംകൊണ്ട് തങ്ങൾ ആത്മീയരാണെന്നു മറ്റുള്ളവരെ തെറ്റുധരിപ്പിക്കുന്ന അവർ ആത്മീയാചാര്യസ്ഥാനത്തു തങ്ങളെത്തന്നെ അവരോധിക്കുന്നു. ധനമോഹം മറ്റുള്ളവരെ ചൂഷണം ചെയ്യുന്നതിന് അവരെ പ്രേരിപ്പിക്കുന്നു. പ്രതികരണശേഷിയില്ലാത്ത ബലഹീനരും ദരിദ്രരും ചൂഷണം ചെയ്യപ്പെടുക എളുപ്പമായതുകൊണ്ട്, അവർ ഈ സ്ഥാന-ധനമോഹികളാൽ ചൂഷണം ചെയ്യപ്പെടുന്നു. വിധവകളെ ഞെരുക്കരുതെന്ന ദൈവനിയമത്തിന് (പുറ 22:22-24) എതിരാ യ, അവരുടെ 'ഭവനങ്ങൾ വിഴുങ്ങു'ന്നവരാണ് നിയമജ്ഞർ. തങ്ങളുടെ സ്ഥാനമഹിമ പ്രകടമാകത്തക്കവിധം വേഷവിധാനം നടത്തുകയും ആഡംബരജീവിതത്തിന് ആവശ്യമായവ ചൂഷണംചെയ്ത് നേടുകയുംചെയ്യുന്ന അവർക്കുള്ള ശിക്ഷ ഈശോയുടെ വാക്കുക ളിൽ വ്യക്തമാണ്: "കൂടുതൽ കഠിനമായ ശിക്ഷാവിധി അവർക്കു ലഭിക്കും" (വാ 40).

38-40 വാക്യങ്ങളിൽനിന്നുതന്നെ കഥാപാത്രങ്ങളെ സ്വീകരിച്ചുകൊണ്ടാണ് തുടർന്നുള്ള പ്രബോധനം (വാ 41-44) ഈശോ നൽകുന്നത്. നിയമജ്ഞരുടെ പ്രതിനിധികളെന്നു കരുതാവുന്ന ധനികരുടെ അധികനിക്ഷേപവും അവർ 'വിഴുങ്ങുന്ന ഭവനങ്ങളിൽ' നിന്നുള്ള വിധവയുടെ ചില്ലിക്കാശിന്റെ രണ്ടു ചെമ്പുനാണയങ്ങളുടെ നിക്ഷേപവും ഈശോ താരതമ്യം ചെയ്യുകയാണിവിടെ. ഏറ്റവും വിലകുറഞ്ഞ ആ ചെമ്പുതുട്ടുകൾ 'ഒരു ദിവസത്തെ വേതനത്തിന്റെ അറുപത്തിനാലിൽ ഒരു ഭാഗം' മാത്രമാണ്. എന്നിട്ടും, ദൈവപുത്രനായ യേശുവിന്റെ കണക്കനുസരിച്ച് അത് ഭണ്ഡാരത്തിൽ നിക്ഷേപിച്ച ഏറ്റവും വലിയ തുകയായിരുന്നു. കാരണവും യേശു പറയുന്നുണ്ട്: "സമൃദ്ധിയിൽനിന്നുള്ളതല്ല, ദാരിദ്ര്യത്തിൽനിന്നുള്ള പങ്കുവയ്ക്കലാണ്" വിധവയുടെ ഭാഗത്തുനിന്നുണ്ടായത്.

## സന്ദേശം

ഈ സുവിശേഷഭാഗം രണ്ടു സന്ദേശങ്ങളാണ് പ്രധാനമായും നമുക്കു നൽകുന്നത്. ഒന്നാമതായി, വലുപ്പച്ചെറുപ്പങ്ങൾ യേശുവിന്റെ കണ്ണുകളിലെങ്ങനെയോ അതുപോലെയാകണം നമ്മുടെ കണ്ണുകൾക്കും. "മനുഷ്യൻ കാണുന്നതല്ല കർത്താവു കാണുന്നത്. മനുഷ്യൻ ബാഹ്യരൂപത്തിൽ ശ്രദ്ധിക്കുന്നു; കർത്താവാകട്ടെ ഹൃദയഭാവത്തിലും" (1 സാമു 16:7). രണ്ടാമതായി, വിധവയുടെ മനോഭാവം



www.malankaralibrary.com

നമുക്കാവശ്യമാണ്. ദൈവത്തിനുള്ള കാഴ്ചസമർപ്പണം, അത് 'മുഴു വനു'മായിരിക്കണം. മിച്ചമുള്ളതുകൊണ്ടോ, മറ്റുള്ളവരെ കാണിക്കുന്നതിനുവേണ്ടിയോ, അവരിൽനിന്നു ബഹുമതി പ്രതീക്ഷിച്ചോ സംഭാവന ചെയ്യുന്നത് ദൈവത്തിന്റെ പക്കലെത്തുകയില്ല എന്നു നമുക്കോർക്കാം. സഹോദരങ്ങളെ, അവരുടെ ബാഹ്യമോടിയും കാഴ്ച സമർപ്പണത്തിന്റെ വലിപ്പവുംകണ്ട് ആദരിക്കുകയോ അനാദരിക്കുകയോ ചെയ്യാതെ, ദൈവികമായ തിരിച്ചറിവോടെ വിലയിരുത്തി, തിരുത്തേണ്ടതു തിരുത്താനും വളർത്തേണ്ടതു വളർത്താനുമുള്ള പരിശുദ്ധാത്മശക്തി നമ്മിൽ നിറയട്ടെ. വിധവയുടെ മനോഭാവവും പ്രവൃത്തിയും ജീവിതത്തിൽ ഏറ്റുവാങ്ങി ദൈവതിരുമുമ്പിൽ വിലയുള്ളവരായിത്തീരാൻ അവിടുന്നു നമ്മെ അനുഗ്രഹിക്കട്ടെ.

**ഡോ. സി. തെരേസ നടുപടവിൽ sabs**

---

# പ്രസംഗം

## കൊച്ചുകാശിന്റെ പെരുമ

'ജീവനുമെന്റെ സർവസ്വവും മുമ്പിലണച്ച് കുമ്പിടുന്നു' സമർപ്പണശുശ്രൂഷയിൽ ഭക്തൻ ഇപ്രകാരം ആലാപനം നടത്തുന്നു. അത്യുദാത്തമായ ഒരു പ്രതിജ്ഞതന്നെ, സംശയമില്ല. എന്നാൽ പ്രായോഗികവേദി സന്ദേഹിച്ചേക്കാം: 'താൻ ചത്ത് മീൻപിടിക്കേണ്ടതുണ്ടോ?' നാസ്തികൻ ചോദിച്ചേക്കാം: കർത്താവിനെന്തിനാണ് സംഭാവന? ഈ ചോദ്യങ്ങൾക്ക് യേശുകർത്താവുതന്നെ നല്കുന്ന മറുപടിയാണ് ഇന്നത്തെ സുവിശേഷഭാഗം.

**എന്താണ് സമർപ്പിക്കേണ്ടത്?**

ഈശ്വരദർശനത്തിനുപോകുന്ന ഭക്തർക്ക്, കുചേലവൃത്തം വഞ്ചിപ്പാട്ടിൽ രാമപുരത്തുവാര്യർ നല്കുന്ന സാരോപദേശമിങ്ങനെയാണ്:

"ത്രിഭുവനമടക്കിവാണരുളുന്ന മഹാപ്രഭുവിനെ
കാണ്മാൻ ഗമിക്കരുതാരും കൈക്കലേതുംകൂടാതെ
കൈയിൽ, ഇലയുമാം ഇഭവുമാം കുസുമവുമാം;
അവിലുമാം മലരുമാം ഫലവുമാം യഥാശക്തി
മലർക്കന്യ മണവാളനൊക്കെയുമാകും."



www.malankaralibrary.com

സർവേശസന്നിധിയിലർപ്പിക്കുന്ന കാഴ്ചകൾ ഭൗതികവസ്തുക്കളുടെ നൈവേദ്യമാകാം; അത് അജമാകാം, ആനയാകാം. മറ്റുവളർത്തുമൃഗങ്ങളാകാം. ചേതനയുള്ള ജീവജാലങ്ങളാകാം. കറൻസിനോട്ടുകളോ, നോട്ടുമാലയോ, 'പിടിപ്പണമോ,' സ്വർണംതന്നെയുമാകാം. അധരങ്ങളുടെ സ്തുതിഗീതമാകാം; മൗനധ്യാനങ്ങളാകാം. പ്രാണത്യാഗത്തോളമെത്തുന്ന ജീവിതസമർപ്പണവുമാകാം, കന്യാമണവാളനൊക്കെയുമാകാം!

പൂവും പുഷ്പാഞ്ജലിയും കാഴ്ചക്കുലയുമായി ദേവനെയോ ദേവിയെയോ തൊഴാൻ, ഹൈന്ദവക്ഷേത്രങ്ങളിൽ പോകുന്ന ഭക്തജനങ്ങളെ നാം കണ്ടിട്ടുണ്ട്. ഒരു തുടം വിളക്കെണ്ണയോ, നെയ്യോ, ഒരു കോഴിമുട്ടയോ, ഒരു കുപ്പിപ്പാലോ ദൈവാലയത്തിൽ ആദരപൂർവ്വം സമർപ്പിക്കുന്ന ഭക്താംഗനകളെ പണ്ടുകാലങ്ങളിൽ കാണാൻ കഴിയുമായിരുന്നു. ധൂപാർച്ചനക്കുള്ള ചിരട്ടക്കരി മുടങ്ങാതെ നല്കിയിരുന്ന അമ്മമാരെ ഓർത്തുപോകുന്നു. ഇന്ന് ഇവയൊക്കെ കാലഹരണപ്പെട്ടതുപോലെ. "ഭക്തന്റെ അലച്ചിലുകൾ എണ്ണുകയും കണ്ണീർക്കണങ്ങൾ കുപ്പിയിൽ ശേഖരിക്കുകയും പോരാ, അതു ജീവന്റെ പുസ്തകത്തിൽ എഴുതുകയും ചെയ്യുന്ന ദൈവത്തെ സങ്കീർത്തനക്കാരൻ ദർശിക്കുന്നു. ദൈവമേ! അങ്ങേയ്ക്കുള്ള നേർച്ചകൾ നിറവേറ്റാൻ ഞാൻ കടപ്പെട്ടിരിക്കുന്നു. ഞാനങ്ങേയ്ക്ക് കൃതജ്ഞതാബലി അർപ്പിക്കും (സങ്കീ 56:8-12).

**ഉദാത്തസമർപ്പണം**

ആത്മദാനമാണ് അത്യുദാത്തവും അത്യന്തം സ്വീകാര്യവുമായ കാഴ്ചസമർപ്പണം. 'ജീവനുമെന്റെ സർവ്വസ്വവും... ഫിയാത്ത്- തിരുഹിതംപോലെ ഭവിക്കട്ടെ'- എന്നത് കന്യകാമറിയത്തിന്റെ സമ്പൂർണവും അവികലവുമായ സമർപ്പണമായിരുന്നു. സുവിശേഷത്തിലെ വിധവയുടെ ചെമ്പുതുട്ടുകൾ സമ്പൂർണസമർപ്പണമായതിനാലാണ് മൂല്യവർധന കൈവന്നതും ദിവ്യനാഥൻ ശ്ലാഘിച്ചതും. തന്റെ പരമദാരിദ്ര്യത്തിൽനിന്ന് തനിക്കുണ്ടായിരുന്നതത്രയും- തന്റെ ഉപജീവനത്തിനുള്ള വകമുഴുവൻ അവൾ നിക്ഷേപിച്ചു (മർക്കോ 12:44). ധനവാന്മാർ ലോകദൃഷ്ട്യാ വലിയ തുകകൾ നല്കി. അവയെ അതിശയിക്കുന്ന മൂല്യം 'ഏറ്റവും വിലകുറഞ്ഞ ഈ രണ്ടുചെമ്പുനാണയങ്ങൾ' കൈവരിച്ചതായി ദിവ്യനാഥന്റെ സാക്ഷ്യം ലഭിച്ചു. തന്റെ പെറ്റമ്മയിൽ പ്രകടമായി പ്രതിഫലിച്ച ഈ സമർപ്പണത്തെ ദിവ്യനാഥൻ



www.malankaralibrary.com

ഉൽപ്രേക്ഷിക്കുകയായിരുന്നില്ലേ? തന്റെ ഉപജീവനത്തിനുള്ള വക മുഴുവൻ സമർപ്പിച്ച ഈ വിധവ മറ്റാരുമായിരുന്നില്ല എന്നു ചിന്തിക്കുന്നത് അതിഭാവുകത്വമായിരിക്കയില്ല.

സമർപ്പണത്തിന്റെ പൂർണത, പൂർണഹൃദയത്തോടും പൂർണമനസ്സോടുംകൂടെ സ്നേഹിക്കുകയെന്നതുതന്നെ (മത്താ 22:37). ഇസ്രായേല്യരുടെ 'ഷേമാ പ്രാർത്ഥന' ഇങ്ങനെ: "നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടെയും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും സ്നേഹിക്കണം" (നിയ 6:5).

ഭാഗികമോ മനസ്സില്ലാമനസ്സോടെയുള്ള ആരാധനയാണെങ്കിലും വിശ്വാസമാണെങ്കിലും സമർപ്പണമാണെങ്കിലും ദൈവത്തിന് സ്വീകാര്യമല്ല. അതിനുപ്രതിഫലം പ്രതീക്ഷിക്കാനും വയ്യ. പൂർണതയിൽ കുറഞ്ഞതൊന്നും അവനു സ്വീകാര്യമല്ല, അഹിതവും ത്യാജ്യവുമാണ്. എന്നാൽ നാമെന്താണു കാണുന്നത്? വീടില്ലാത്ത ഒരു സഹവിശ്വാസിക്ക് ഒരു കിടപ്പാടമുണ്ടാക്കാൻ സംഭാവന ചോദിക്കുമ്പോഴാണ് വിശ്വാസിയുടെ തനിനിറം കാണുക. അക്രൈസ്തവരിൽ പോലും ദർശിക്കാൻ കഴിയാത്ത അമർഷവും അധമമനോഭാവവും വിമർശനവും കുത്തിത്തിരിപ്പും സടകുടഞ്ഞെഴുന്നേല്ക്കുന്നത് അപ്പോഴാണ്. സംഭാവന ചോദിക്കുമ്പോൾ ഇങ്ങനെയെങ്കിൽ സ്വമേധയാ കാണിക്കയിൽ എത്ര ഔദാര്യം പ്രതീക്ഷിക്കാം. പങ്കുവയ്ക്കുന്നതിലെ പരിത്യാഗം ക്രൈസ്തവന് അപരിത്യാജ്യമാണ്. ഉപേക്ഷകൂടാതെ യേശുവിനെ അനുഗമിക്കാൻ ആർക്കാണ് കഴിയുക. ഇടുങ്ങിയ പാതയാണ് തന്റെ അനുയായികൾ നടക്കേണ്ട 'രാജപാത' യെന്നാണ് അസന്നിഗ്ധമായി യേശു പഠിപ്പിച്ചത്.

**സമർപ്പണത്തിന്റെ ആൾരൂപങ്ങൾ**

ഹാബേലും അബ്രാഹവും 'ഹന്നമാരും' കന്യാമറിയവും ശ്ലീഹന്മാരും സംപ്രീതികരമായ സമർപ്പണത്തിന്റെ പ്രതീകങ്ങളാണ്. തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായിക്കരുതിയ ആദിമസഭാസമൂഹവും അങ്ങനെതന്നെ (അപ്പ 2:44). ഉടുതുണിപോലും ഉരിഞ്ഞെടുത്ത അസ്സീസിയിലെ വി. ഫ്രാൻസിസും അഞ്ചുരൂപമാത്രം കൈയിലെടുത്തുകൊണ്ട് സ്വർഗീയശൈലിയിൽ സന്ന്യാസവഴിതേടിയ കൊൽക്കത്തയിലെ മദർതെരേസയും കാഷായവസ്ത്രവും കാപ്പയും നമസ്ക്കാരപുസ്തകവുമായി മുണ്ടൻമലചവിട്ടിയിറങ്ങിയ ദൈവദാസൻ മാർ ഈവാനിയോസും സമർപ്പണത്തിന്റെ ആൾരൂപങ്ങൾ



www.malankaralibrary.com

തന്നെ. അവരെപ്പോലെയുള്ള അനേകായിരങ്ങൾ ക്രൈസ്തവസമർപ്പണവഴിയുടെ ചരിത്രത്തിലെ ഈടുറ്റ ഈടുവയ്പുകളും ഉജ്ജ്വലനക്ഷത്രങ്ങളുമത്രേ, സംശയമില്ല.

തനിക്കർഹതയില്ലാത്തതും അന്യന് അവകാശപ്പെട്ടതും കൈപ്പിടിയിലൊതുക്കാൻ തത്രപ്പെടുന്ന സമകാലികലോകത്തിൽ, തനിക്കവകാശമായതും തന്നെത്തന്നെയും സമ്പൂർണമായി വ്യയംചെയ്യാൻ തുനിഞ്ഞിറങ്ങുന്ന നിശ്ചയദാർഢ്യം അത്യുദാത്തംതന്നെ. എന്നാൽ, ലോകത്തിന്റെ മൂന്നിലൊരുഭാഗം പട്ടിണിയിൽ നട്ടംതിരിയുമ്പോൾ സാമ്പത്തികതന്ത്രത്തിന്റെപേരിൽ, വിലയിടിവിനെ പ്രതിരോധിക്കാൻ വേണ്ടി ടൺകണക്കിനുഗോതമ്പും മറ്റുഭക്ഷ്യധാന്യങ്ങളും കടലിൽ തള്ളുന്നതും ഓവുചാലിൽ പാലൊഴുക്കി 'ധവളവിപ്ലവം' സൃഷ്ടിക്കുന്നതുമാണ് ആധുനികവ്യാപാരതന്ത്രങ്ങളുടെ അടയാളപ്പെടുത്തലുകൾ.

**ഉള്ളതിലോഹരി ഇല്ലാത്തവനും**

സ്വയനിഗ്രഹവും അപരിഗ്രഹവും വലിയ സമർപ്പണമുറകൾതന്നെ. ദാരിദ്ര്യാരൂപിയുടെ കൊടിയടയാളങ്ങളാണവ. ഉള്ളതിലോഹരി പങ്കുവയ്ക്കുമ്പോഴാണ് അത് പൂർണമാകുക. അത്താഴപ്പട്ടിണിക്കാർക്കായി സന്ന്യാസാശ്രമങ്ങളുടെ ഊട്ടുശാലയിൽ ഇടമുണ്ടാകണമെന്നത് സന്ന്യാസിയെ മാത്രം ബാധിക്കുന്നതല്ല, ക്രൈസ്തവന് സ്വന്തമാകേണ്ട ദർശനമാണിത്. കർണ്ണാടകയിലെ ബസവേശ്വരക്ഷേത്രത്തിലും പഞ്ചാബിലെ ഗുരുദ്വാരകളിലും കൈകഴുകിയിരിക്കുന്നവർക്കൊക്കെ ഭക്ഷണം വിളമ്പുന്ന 'അന്നദാനപ്രഭു'വിനെ ദർശിക്കാം. സങ്കീർത്തനം ഇതുതന്നെയാണ് പറയുന്നതും (സങ്കീ 145:15;146:7). ഇത് ഉദാത്തമായ ഒരു സങ്കല്പമല്ലേ? ഇന്ത്യയിലെ ആരാധനാലയങ്ങൾ ഇത്തരമൊരു പങ്കുവയ്ക്കലിന് തയ്യാറായാൽ, ദരിദ്രനാരായണന്മാരുടെ ഈറ്റില്ലമെന്നറിയപ്പെടുന്ന ഇന്ത്യ ഭൂമിയിലെ സ്വർഗമായി പരിണമിക്കും സംശയമില്ല.

**സമർപ്പണത്തിലെ ശ്രദ്ധേയമായ 3 കാര്യങ്ങൾ:**

1. ലഭ്യമായ അളവറ്റ നന്മകളെക്കുറിച്ചുള്ള അവബോധം: അപ്പസ്തോലനായ പൗലോസിന്റെ സിംഹഗർജനം ശ്രദ്ധേയമാണ്. ദാനമായി ലഭിച്ചതല്ലാതെ സ്വന്തമായി നിങ്ങൾക്കെന്തുണ്ട്? നിങ്ങൾ വിലക്കുവാങ്ങപ്പെട്ടവരാണ്. സ്വന്തം ജീവന്റെ വില ദൈവത്തിനുകൊടുക്കാൻ ആർക്കും കഴിയുകയില്ല. ജീവന്റെ വിടുതൽവില വളരെ വലു



www.malankaralibrary.com

താണ്. എത്ര ആയാലും അത് തികയുകയുമില്ല (സങ്കീ 49:7-8). യേശു ഈ ചോദ്യം ആവർത്തിക്കുന്നു. സ്വന്തം ആത്മാവിനുപകരമായി മനുഷ്യന് എന്തുനല്കാൻ കഴിയും? ഈ ചോദ്യങ്ങൾ എല്ലാ മനുഷ്യന്റെയും നേർക്കുള്ള തർജ്ജനിയാണ്.

2. ദാതാവിനോടുള്ള ആദരവ്: യഹോവയീരേ ദാതാവാം ദൈവം (ഉത്പ 22:14).

യജമാനഭക്തിയുടെ പ്രതീകം വളർത്തുനായയാണ്. ഭക്ഷണവും പരിചരണവും സ്നേഹവും പേരുചൊല്ലി വിളിക്കുന്നതുമല്ലാതെ മറ്റെന്താണ് ഈ മനോഭാവത്തിനു നിദാനം? ഭവനത്തിൽനിന്നു ആട്ടിയോടിക്കപ്പെട്ട നായകളാണ് തെരുവ്പട്ടികളായും ശല്യക്കാരികളായും പരിണമിക്കുക.

3. തിരികെ നൽകാനുള്ള ത്വര:

സൂര്യതാപമേറ്റ് സമുദ്രജലം നീരാവിയായി, മഴമേഘമായി, ജലവൃഷ്ടിയായി, നീരൊഴുക്കായി, തോടായി, നദിയായി സമുദ്രത്തിൽ തന്നെ വിലയം പ്രാപിക്കുന്നു. പ്രപഞ്ചത്തിൽ അനുസ്യൂതം അവിരാമം തുടരുന്ന ആദാനപ്രദാന പ്രക്രിയയത്രേ ഇത്. ലോകത്തിന്റെ നിലനിൽപ്പിനാധാരവും! പ്രകൃതി നമുക്ക് കാണിച്ചുതരുന്ന ഉദാത്തമായ ഒരു മാതൃകയല്ലേ ഇത്- തിരികെ നല്കാനുള്ള ത്വര.

**എനിക്കാരോടും ഒന്നിനോടും ഒരു കടപ്പാടുമില്ല**

I am a self made man എന്ന് ഗർവ്വോടെ പറയുന്ന ആളുകളുണ്ട്. എത്രയോ മൗഢ്യമാണത്. ആരോടും കടപ്പാടില്ലാത്ത ആരുംതന്നെ ഈ ഭൂമുഖത്തില്ല. നാമുണ്ണുന്ന ഒരുരുള ചോറിന്റെ പിന്നിലധ്വാനിച്ച ഒരായിരം കൈകൾ കാണാനുള്ള ദർശനം നാമാർജ്ജിക്കണം- കണ്ണുകളുണ്ടാവണം. അപ്പോൾമാത്രമേ നാം നന്ദിയുള്ളവരാകൂ. നന്ദി ആരോടുചൊല്ലേണ്ടൂ ഞാൻ? ഏവരോടും എല്ലാറ്റിനോടും ഈ ഭൂമിയോടും ആവാസവ്യവസ്ഥകളോടും പ്രപഞ്ചനാഥനോടും.

"മയങ്ങല്ലേ മനുഷ്യാ നീ, മണ്ണിന്റെ മായകളിൽ
മണിമന്ദിരങ്ങൾ വൃഥാ ചമയ്ക്കല്ലേ,
ഭാവനയിൽ, മണിമന്ദിരങ്ങൾ വൃഥാ ചമയ്ക്കല്ലേ."

ഭാവിക്കേണ്ടതിനുമേൽ ആരും ഭാവിച്ചുയരരുത് എന്ന താക്കീത് നമുക്ക് നല്കുന്നത് വി. പൗലോസാണ്.



www.malankaralibrary.com

**The Three 'T' s of giving**

ലഭിച്ചതിലോഹരി- ദശാംശം?- നല്കണമെന്നത് വിധികല്പിതം. Time, Talent, Treasure ഇതാണ് ഉള്ളായ്മയുടെ ഉള്ളടക്കം. ദശാംശം ദൈവത്തിന് എന്നതാണ് നിലവിലുള്ള മാനകം. സറേഫാത്തിലെ വിധവ അവളുടെ അവസാനത്തെ അപ്പത്തിന്റെ ആദ്യ ഓഹരി- ഒരു ചെറിയ അപ്പം- ഏലിയായ്ക്ക് നല്കി. വി.ഗ്രന്ഥം സാക്ഷിക്കുന്നു: അവളുടെ കലത്തിലെ മാവ് തീർന്നുപോയില്ല; ഭരണിയിലെ എണ്ണ വറ്റിയുമില്ല (1 രാജാ 17:10-16).

"എന്റെ സമ്പത്തെന്നു ചൊല്ലുവാൻ വേറെയില്ലൊന്നും

യേശുമാത്രം സമ്പത്താകുന്നു."

നമ്മുടെ യഥാർത്ഥസമ്പത്ത് യേശുവാണെന്ന് തിരിച്ചറിയാനുള്ള ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കാം. ഇതാണ് വിശ്വാസവീക്ഷണം. ഈ വിശ്വാസത്തിനുടമകളായി ക്രൈസ്തജീവിതത്തിന്റെ തേര് തെളിക്കാൻ വിശ്വാസനായകൻ നമ്മെ സഹായിക്കട്ടെ.

**ഫാ. ഏബ്രഹാം നടുവിലേടം**



www.malankaralibrary.com

വചനബോധി
സീറോമലങ്കര

ആഗസ്റ്റ്
23

# തേജസ്ക്കരണശേഷം 3 – ാം ഞായർ

## ഭാഷ്യം

ஒ

### സന്ദർഭം

ജറുസലെം യാത്രയുടെ സമാപനത്തിലേക്കെത്തുകയാണ്. യുഗാന്തപഠനങ്ങളുടെ (17:20–37) നിരാശക്ക് അടിമപ്പെടാതെ, ജാഗ്രതയോടെ പ്രാർത്ഥിച്ചുകാത്തിരിക്കണം എന്നുപഠിപ്പിക്കാൻ ന്യായാധിപന്റെമുമ്പിൽ തളരാത്ത വിധവയെ അവതരിപ്പിച്ചുകൊണ്ട് രാവുംപകലും വിളിച്ചുകരയുന്ന തന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്ക് നീതി നടത്തിക്കൊടുക്കും (18:7) എന്ന് ഈശോ പറഞ്ഞു. പ്രാർത്ഥനയുടെ ആത്മീയചൈതന്യം എന്തായിരിക്കണം എന്ന് പഠിപ്പിക്കുകയാണ് 18:9–14 വചനഭാഗത്ത്.

### പ്രമേയം

ഒരാൾ ദൈവതിരുമുമ്പിൽ എങ്ങനെ നീതിമാനും സ്വീകരിക്കപ്പെടുന്നവനുമാകും എന്നാണ് വചനഭാഗത്തെ പഠനം. ചെയ്യുന്ന പ്രവർത്തികളല്ല, മറിച്ച് ദൈവത്തോടും ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ രീതിയുമാണ് ഒരാളെ ദൈവത്തിന് സ്വീകാര്യനോ അസ്വീകാര്യനോ ആക്കുന്നത്. നീതീകരിക്കപ്പെടുന്നതിന്റെ അടിസ്ഥാനം ദൈവത്തോടും മനുഷ്യരോടുമുള്ള ഒരാളുടെ മനോഭാവമാണ്.

### സന്ദേശം

1. യേശു ഈ കഥ പറയുന്നത്, ആരോടാണ് എന്നത് ശ്രദ്ധിക്കുക. തങ്ങൾ നീതിമാന്മാരാണ് എന്ന ധാരണയിൽ തങ്ങളെത്തന്നെ ആശ്രയിക്കുകയും മറ്റുള്ളവരെ പുച്ഛിക്കുകയും ചെയ്യുന്നവരോടാണ്. അതു ഫരിസേയരാണ് എന്ന് ഉപമയിലെ വിവരണത്തിൽനിന്ന് വ്യക്ത



www.malankaralibrary.com

മാണ്. എല്ലാ ഫരിസേയരുമാണെന്ന് പറയുന്നില്ല. അങ്ങനെ ചിന്തിക്കുന്നവരുമുണ്ട്. 'ഫരിസേയൻ' എന്ന വാക്കിന്റെ അർത്ഥം 'വേർതിരിഞ്ഞ് നടക്കുന്നവൻ' അഥവാ Seperated from others എന്നതാണ്. ഏതാണ്ട് 200 ബി.സിയിൽ യഹൂദരുടെ ഇടയിൽ രൂപംകൊണ്ട് നവീകരണ ആത്മീയ- സാമൂഹിക പ്രസ്ഥാനമാണിത്. യവനസാംസ്കാരിക അധിനിവേശത്തിന്റെ അനന്തരഫലമായി യഹൂദ ആത്മീയതയെയും പാരമ്പര്യങ്ങളെയും കലർപ്പില്ലാതെ പാലിച്ചുപോകുന്ന ഒരു തീവ്ര ആത്മീയ പ്രസ്ഥാനമായിരുന്നു ഇവർ. മറ്റുള്ളവരിൽനിന്നും അങ്ങനെ തങ്ങൾ വ്യത്യസ്തരും മെച്ചപ്പെട്ടവരുമാണെന്ന ചിന്താഗതിക്കാരായിരുന്നു. നിയമങ്ങൾ അതിന്റെ വിശദാംശങ്ങളിൽ പാലിക്കുന്നവർ. എന്നാൽ സാധാരണക്കാരായ യഹൂദർക്ക് പലപ്പോഴും നിയമങ്ങളുടെ മാറിവരുന്ന വ്യാഖ്യാനങ്ങൾ അറിയാൻ സാധിക്കാതെ, അതിനാൽതന്നെ നിയമലംഘകരായി മാറും. ഇന്നും സമൂഹത്തിലും മതത്തിലും ഈ കൂട്ടരുണ്ട്. ഗ്രാമങ്ങളിലെ സാധാരണക്കാർക്ക് നിയമങ്ങളുടെ വിശദാംശങ്ങൾ അറിയാതെ പലതും പാലിക്കാതെ വരുന്നുണ്ട്. അവരുടെമുമ്പിൽ സഭാശാസ്ത്രവും ധാർമികശാസ്ത്രവും എല്ലാം അറിയാവുന്നവർക്കും-സമയാസമയങ്ങളിൽ പ്രാർത്ഥനാനുഷ്ഠാനങ്ങൾ നടത്തി ആത്മീയതയുടെ ഉന്നതിയിൽ ആണെന്ന് മേനി നടിക്കുന്നവർക്കും ഉള്ള താക്കീതാണ് ഈ പഠനം.

2. ആരാണ് നല്ലവൻ, നീതിമാൻ, വിശുദ്ധിയിൽ ജീവിക്കുന്നവർ എന്ന ചിന്ത യഹൂദസമൂഹത്തിൽ ഇന്നും ഉണ്ട്. പുണ്യംനേടൽ ഒരു മത്സരക്കളംപോലെ കാണുന്നവരുണ്ട്. അതുകൊണ്ട് അക്കാര്യത്തിൽ ചിലർ വിജയികളും ചിലർ പരാജിതരും ഉണ്ടാകും. ജീവിക്കുന്ന വിശുദ്ധൻ/വിശുദ്ധ എന്നൊക്കെ വിശേഷിപ്പിക്കാനും അവൻ/അവർ പാപി(നി)യാണ് എന്ന് മുദ്രകുത്താനും എന്നും ഒരു പ്രവണത സമൂഹത്തിലുണ്ടായിരുന്നു. താൻ അപരനെക്കാൾ ശ്രേഷ്ഠനാണെന്ന് വരുത്തിതീർക്കാനുള്ള ശ്രമമാണ് സാമൂഹ്യമതജീവിതത്തിൽ നടക്കുന്നത്. സ്വയം മാർക്ക് ഇടലും ഇടീക്കലുമാണ് ഇവിടെ നടക്കുന്നത്. ഫരിസേയർ തന്റെ പുണ്യത്തിന്റെ അളവ് ദൈവത്തിന്റെ മുമ്പിൽ ബോധ്യപ്പെടുത്താനുള്ള ശ്രമമാണ് നടത്തുന്നത്. അയാളെ കേന്ദ്രീകരിച്ചാണ് സംഭാഷണം- അവിടെ ഒരു അഭ്യർത്ഥനയോ, അപേക്ഷയോ ഒന്നുമില്ല. ദൈവത്തെയോ, അവിടുത്തെ കരുണയോ ആവശ്യമില്ലാത്ത, എല്ലാം തികഞ്ഞവനെന്ന് ചിന്തിക്കുന്നവരുടെ



www.malankaralibrary.com

പ്രതിനിധിയാണയാൾ. ഇന്നും ദൈവാലയത്തിൽവരുന്ന പലർക്കും തമ്പുരാനോട് ചോദിക്കാൻ അധികമൊന്നും കാണില്ല. അവനും മിക്കവാറും ആവശ്യത്തിലധികം ഭൗതീകസാഹചര്യവും ആത്മീയതയും തിളങ്ങുന്ന പുറംകുപ്പായവും ഉണ്ട്. അങ്ങനെയുള്ളവരുടെ ആത്മീയത ഫലശൂന്യമാണ്, പൊള്ളത്തരമാണ് എന്ന് യേശു ഓർമിപ്പിക്കുന്നു. താരതമ്യംചെയ്തുള്ള ഒരു പ്രാർത്ഥനയും ചിന്താഗതിയും ദൈവത്തിന് സ്വീകാര്യമല്ല.

3. ചുങ്കക്കാരനാണ് ദൈവതിരുമുമ്പിൽ സ്വീകാര്യനായി, നീതികരിക്കപ്പെട്ടവനായി നമ്മുടെ ഭാഷയിൽ വിശുദ്ധനായി പരിണമിക്കുന്നത്. എന്തുകൊണ്ടാണതെന്ന് ചോദിച്ചാൽ അവന് ഒറ്റ പ്രാർത്ഥനയേ ഉള്ളൂ; അതും നാലുവാക്കുകളിൽ. 'ദൈവമേ, പാപിയായ എന്നിൽ കനിയണമേ'. വിശുദ്ധഗ്രന്ഥത്തിൽ *അനാവിം* എന്ന ചിന്തയുണ്ട്. പീഡകന്റെ ക്രൂരമായ മർദ്ദനത്തിനിടയ്ക്ക് 'ആരെങ്കിലും ഒന്നു രക്ഷിക്കണേ' എന്ന നിലവിളി, ആരും തുണയില്ലാത്ത യഹൂദജനം, ദരിദ്രർ, പാവപ്പെട്ടവർ ഇവർക്കൊക്കെ ദൈവം മാത്രമേ തുണയുള്ളൂ എന്ന ചിന്ത. അതുകൊണ്ട് ഇവിടെ ദൈവത്തെ വിളിച്ചുകരയുന്നവന്റെ ചിത്രമാണ് *അനാവിം*. ഇവിടെ ഈ പാപിയുടെ കരച്ചിൽ അതാണ്. ദൈവത്തിന്റെ കരുണയാണ് അവന് ഏകാശ്രയം. സമൂഹവും മതവും എല്ലാം അവനെ തിരസ്ക്കരിച്ചിരിക്കുകയാണ്. ഉള്ളിൽ തട്ടുന്ന തരത്തിൽ മാറത്തടിച്ചുകൊണ്ടുള്ള നിലവിളിയാണ് അവന്റെ പ്രാർത്ഥന. അത്തരത്തിലുള്ള ഒരു പ്രാർത്ഥനക്കാണ് തമ്പുരാൻ ചെവിതരുന്നത്. അവന്റെ ദയനീയാവസ്ഥയാണ്– കണ്ണുകളെ ഉയർത്താൻ പോലും അർഹനല്ല എന്ന തോന്നൽ.

നമ്മുടെ പ്രാർത്ഥനയുടെ മാത്രമല്ല, പുണ്യപാപസങ്കല്പങ്ങളെപ്പോലും ഒരു പൊളിച്ചെഴുത്തിന് ക്ഷണിക്കുകയാണ് ഈ വചനഭാഗം. ഇവിടെ നാം പാപികളെന്ന് മുദ്രകുത്തി. അപസഹിച്ചു മാറ്റിനിർത്തുന്ന പലരുടെയും ഹൃദയംനുറുങ്ങിയുള്ള നിലവിളിക്കുമുമ്പിൽ കാതോർക്കുന്ന ഒരു ദൈവം ഉണ്ടെന്ന് ഓർക്കാം. ഒരു വലിയ കീഴ്മേൽ മറിച്ചിൽ ദൈവതിരുമുമ്പിൽ നമ്മെ കാത്തിരിപ്പുണ്ട് എന്ന് ഓർത്ത് ഈ ലോകത്തിൽ ആരെയും നിന്ദിക്കാതെയും വിധിക്കാതെയും ദൈവതിരുമുമ്പിൽ 'എളിമ' എന്ന അടിസ്ഥാനമനോഭാവത്തിൽ മനുഷ്യരോടും ദൈവത്തോടും നമ്മെത്തന്നെ ചേർത്തുവയ്ക്കാം.

**ഡോ. ജേക്കബ് മുല്ലൂർ**



www.malankaralibrary.com

# പ്രസംഗം

## യഥാർത്ഥ പ്രാർത്ഥന

വാക്കുകളുടെ ഉരുക്കഴിക്കലുകൾക്കപ്പുറത്തേക്ക് പ്രാർത്ഥനയെന്ന ജീവിതശൈലിയെ ക്രിസ്തു ഇന്നത്തെ വേദഭാഗത്ത് പരിചയപ്പെടുത്തുകയാണ്. ബൈബിളിൽ ആദിമുതൽ അവസാനംവരെ അത് അങ്ങനെതന്നെയാണ്. കർത്താവേ, കർത്താവേ എന്ന് 'എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ്, സ്വർഗരാജ്യത്തിൽ പ്രവേശിക്കുക (മത്താ 7:21) എന്ന ക്രിസ്തുവിന്റെ പഠിപ്പിക്കലുകൾ വരച്ചിടുന്ന ചിത്രം, വാക്കുകൾകൊണ്ടുള്ള കളിയല്ല പ്രാർത്ഥന എന്ന ഓർമ്മപ്പെടുത്തലാണ്. ഇന്നത്തെ വേദഭാഗത്ത് വീണ്ടും ആ ഓർമപ്പെടുത്തൽ ക്രിസ്തു നടത്തുന്നു; ഫരിസേയനേയും ചുങ്കക്കാരനേയും പരിചയപ്പെടുത്തികൊണ്ട്. തന്റെ മരണത്തിന്റെ പ്രഭയിൽ ദൈവാലയത്തിലെ തിരശ്ശീല അടിമുതൽ മുകൾവരെ പകുത്തു മാറ്റിയത്, വേർതിരിവുകളുടെ നടുച്ചുവർ ഇടിച്ചുമാറ്റാനാണ് എന്ന്, മനസ്സിലാകാതെ പോയവർക്കുള്ള കുറിമാനംകൂടെയാണ് ഇന്നത്തെ വേദഭാഗം. പാപപുണ്യങ്ങളുടെ തുലാസിൽ ജീവിതങ്ങളെ അളന്നു തൂക്കുന്നവർക്കും ധനത്തിന്റെയും, ബലത്തിന്റെയും അളവുകോലുകൊണ്ടു മനുഷ്യനെ അളന്നുതിരിക്കുന്നവർക്കുമുള്ള താക്കീതുമാകുന്നു ഇന്നത്തെ സുവിശേഷം.

പ്രാർത്ഥന പ്രഹസനമാക്കി മാറ്റുന്നവരോട് എന്നും കലഹിക്കുന്നു ക്രിസ്തു. ഇന്നത്തെ സുവിശേഷഭാഗത്തും അതിന് മാറ്റമുണ്ടാകുന്നില്ല. ഫരിസേയൻ പ്രാർത്ഥനയിൽ ഒരു പ്രാവശ്യമാണ് 'ദൈവമേ' എന്ന് വിളിക്കുന്നത്. ബാക്കി നാലുപ്രാവശ്യവും 'ഞാൻ' എന്ന അഹംഭാവത്തിന്റെ ഉരുവിടലാണ്; തന്റെ ഞാൻ എന്ന ഭാവം ദൈവത്തിന്റെമുമ്പിൽ തുറന്നുവയ്ക്കുകമാത്രമാണ് ആ മനുഷ്യൻ ചെയ്യുന്നത്. ഇതെങ്ങനെ ദൈവത്തോടുള്ള പ്രാർത്ഥനയാവും. ചുങ്കക്കാരന്റെ ദൈവമേ എന്നിൽ കനിയണമേ എന്ന ജീവിതത്തിന്റെ ആകെത്തുക, അവന്റെ നീതീകരണത്തിലേക്ക് നയിക്കുന്നു. ആത്മപ്രശംസയോ, അഹംഭാവമോ, ആക്രോശങ്ങളോ ഒന്നും ഇല്ല, നിറമിഴി



www.malankaralibrary.com

കൾ മാത്രം. തമ്പുരാന്റെ പ്രണയാർദ്രമായ കണ്ണുകളിൽനിന്നും ചുങ്കക്കാരനിലേക്ക് കരുണ കവിഞ്ഞൊഴുകുന്നു. എന്റെ പാതകളും ഒരു വേള ഫരിസേയൻ നടന്ന വഴികഴിലൂടെയല്ലേ? അപ്പോൾ ഇന്നത്തെ സുവിശേഷം എന്നോടുള്ള ചോദ്യമായി മാറുന്നു. ഞാൻ പ്രാർത്ഥിക്കുന്നത് എന്നോടുതന്നെയാണോ? അതോ ദൈവത്തോടാണോ? പ്രാർത്ഥന എന്റെ ജീവിതമായി മാറിയിട്ടുണ്ടോ?

നമ്മുടെ സങ്കല്പങ്ങൾ തകിടംമറിയുകയാണ് ഇവിടെ; പ്രാർത്ഥന പ്രണയമായി മാറുന്നു; ക്രിസ്തുവിന്റെ പ്രണയത്തിൽ അലിഞ്ഞില്ലാതാവുമ്പോൾ, ക്രിസ്തു പഠിപ്പിച്ച പ്രാർത്ഥന നമ്മുടെ ജീവിതത്തിന്റെ താളമായി മാറും. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന് വിളിക്കുമ്പോൾ, ഈ പ്രാർത്ഥനയിൽ ചരങ്ങളും അചരങ്ങളുമായ സർവജീവജാലങ്ങളും എന്റെ നെഞ്ചിൽ തലചേർത്തുവയ്ക്കുന്നവരാകും. ഇവിടെ ഇടറിപ്പോയ സഹോദരനെ എങ്ങനെ എനിക്ക് ഉപേക്ഷിക്കാനാകും. കാരണം, എന്റെ പിതാവെന്നല്ല, ഞങ്ങളുടെ പിതാവേ എന്നാണ് പ്രാർത്ഥന. ഞങ്ങളുടെ പിതാവെന്ന സങ്കല്പം, വെട്ടുന്ന മരത്തോട് അനുവാദം ചോദിക്കുന്ന, ചെറിയ ജീവികളുടെ പ്രാണന് പ്രായശ്ചിത്തംചെയ്യുന്ന മനുസ്മൃതിയുടെ കാലത്തിനപ്പുറത്തേക്ക് നമ്മുടെ ഓർമയെ ഉണർത്തും. ചെറിയ ജീവികൾപോലും ഭൂമിയുടെ അവകാശികൾ ആണെന്ന ബോധം, ഫരിസേയമനോഭാവത്തിൽ നിന്നും ക്രിസ്തുവിന്റെ ഭാവത്തിലേക്ക് എന്നെ ഉയർത്തും. വീണ്ടും നമ്മൾ പ്രാർത്ഥിക്കുന്നത് നിന്റെ രാജ്യം വരേണമേ എന്നാണ്; പറുദീസയിൽ വിരിഞ്ഞതാണ് ദൈവരാജ്യം. മണ്ണും മനുഷ്യനും മരങ്ങളും പുഴുവും പൂമ്പാറ്റയും കൈകോർത്തുനടന്ന നല്ലകാലം, സിംഹവും കാളയും ഒന്നിച്ചു മേയുന്ന, ദൈവസ്നേഹം പൂത്തുലയുന്ന ദൈവത്തിന്റെ രാജ്യം; ഈ രാജ്യത്തിനായി പ്രാർത്ഥിക്കുന്നവൻ എങ്ങനെ ഫരിസേയന്റെ അവസ്ഥയിലേക്ക് തരംതാഴും; അവൻ ക്രിസ്തുവിന്റെ ഭാവം ഉൾക്കൊണ്ടിട്ടില്ല എന്നുസാരം. പൗലോസ്ശ്ലീഹാ ക്രിസ്തുവിന്റെ ഭാവം എന്താണെന്ന് ഫിലിപ്പിയാക്കാർക്ക് എഴുതുമ്പോൾ വ്യക്തമാക്കുന്നുണ്ട്: “മറ്റുള്ളവരെ നിങ്ങളേക്കാൾ ശ്രേഷ്ഠർ എന്ന് എണ്ണുന്ന ക്രിസ്തുവിന്റെ ഭാവം” (ഫിലി 2:3–5). പ്രാർത്ഥിക്കുന്നവൻ ഈ ദൈവരാജ്യസങ്കല്പംകൊണ്ട് നിറച്ചാർത്ത് അണിഞ്ഞവനാകണം എന്ന് ക്രിസ്തു ഇന്നത്തെ സുവിശേഷത്തിലൂടെ നമ്മെ ഓർമിപ്പിക്കുന്നു. പ്രാർത്ഥന എന്താണെന്നു



www.malankaralibrary.com

പഠിപ്പിക്കാൻ രണ്ടുതരം മനുഷ്യരെ ക്രിസ്തു ഇവിടെ അവതരിപ്പിക്കുന്നു. രണ്ടുപേരും തങ്ങളുടേത് പ്രാർത്ഥനയാണെന്ന് അവകാശപ്പെടുന്നു. ഉപമയുടെ അവസാനത്തിൽ മുമ്പന്മാർ പിമ്പന്മാരാകും എന്ന ക്രിസ്തുവചനം അന്വർത്ഥമാകുന്നു ഫരിസേയന്റെ പ്രാർത്ഥന സ്വീകാര്യമല്ലാതെപോകുന്നു. എന്തുകൊണ്ടാണ് ഫരിസേയന്റെ പ്രാർത്ഥന സ്വീകരിക്കപ്പെടാതെപോയത്.

**1. ദൈവാശ്രയബോധമില്ലാത്തവൻ**: ഉപമ തുടങ്ങുന്നത് തങ്ങളിൽത്തന്നെ ആശ്രയിക്കുന്നവർ എന്നു പറഞ്ഞാണ്, ദൈവവുമായുള്ള തുറന്നയുദ്ധത്തിലേക്കാണ് ഇവർ പോകുന്നത്. അഹംഭാവത്തിൽ പടുത്തുയർത്തിയ ജീവിതങ്ങൾ, ഇവരെക്കുറിച്ചാണ് പൗലോസ് ശ്ലീഹാ എഫേസോസുകാർക്ക് എഴുതുമ്പോൾ ഓർമ്മപ്പെടുത്തുന്നത്. വിശ്വാസംവഴി കൃപയാലാണ് നിങ്ങൾ രക്ഷിക്കപ്പെട്ടത്. ദൈവത്തിന്റെ ദാനമാണ്. പ്രവർത്തികളുടെ ഫലമല്ല തന്മൂലം ആരും അതിൽ അഹങ്കരിക്കേണ്ടതില്ല (എഫേ 2:8-9). ഫരിസേയൻ, ആഴ്ചയിൽ രണ്ടുവട്ടം ഉപവസിക്കുന്നവൻ, സകലത്തിന്റെയും ദശാംശം കൊടുക്കുന്നവൻ; നിയമം അനുശാസിക്കുന്നതിലും കൂടുതൽ ചെയ്യുന്നവൻ. എന്നിട്ടും പ്രാർത്ഥന ജീവിതമായില്ല, നിരാകരിക്കപ്പെട്ടവനായി; അവന്റെ പ്രവർത്തിയിൽ ആയിരുന്നു അവന്റെ ആശ്രയം; എന്റെ ആശ്രയമോ? എന്റെ ബുദ്ധിയിൽ, എന്റെ ആരോഗ്യത്തിൽ, എന്റെ പദവിയിൽ, എന്റെ ധനത്തിൽ; നിന്റെ നിക്ഷേപം എവിടെയോ അവിടെയാണ് നിന്റെ ആശ്രയം. വിശ്വാസംവഴി കൃപയാലാണ് ഞാൻ രക്ഷിക്കപ്പെടുന്നത് എന്ന ബോധ്യം ക്രിസ്തുവിന്റെ കൈപിടിച്ച് നടക്കാൻ എന്നെ ഓർമപ്പെടുത്തും. തങ്ങളിൽത്തന്നെ ആശ്രയിക്കുന്നവൻ പുറത്തെ പ്രവർത്തിയിൽമാത്രം ശ്രദ്ധയുള്ളവനാകും, അകമേ നടക്കേണ്ടതിനെക്കുറിച്ച് ബോധ്യം ഇല്ലാത്തവനാകും. ലൂക്കോസിന്റെ സുവിശേഷത്തിൽ ക്രിസ്തു കുറേക്കൂടെ വ്യക്തമാക്കുന്നു. ഫരിസേയരായ നിങ്ങൾ പാത്രങ്ങളുടെ പുറം കഴുകി വൃത്തിയാക്കുന്നു. നിങ്ങളുടെ അകമോ കവർച്ചയും ദുഷ്ടതയുംകൊണ്ട് നിറഞ്ഞിരിക്കുന്നു. ദശാംശം കൊടുക്കുന്നു എന്നാൽ ദൈവത്തിന്റെ നീതിയും സ്നേഹവും അവഗണിച്ചുകളയുന്നു (ലൂക്കാ 11:39-43). ക്രിസ്തുവിന്റെ ഭാവം നമ്മൾ ആവാഹിച്ചെടുക്കേണ്ടതായിട്ടുണ്ട്. പിതാവിന്റെകൂടെ മലയിലും താഴ്വരയിലും പ്രാർത്ഥനയിലായിരുന്ന ക്രിസ്തുവിന്റെ ഭാവം.



www.malankaralibrary.com

**2. മറ്റുള്ളവരെക്കാൾ നീതിമാൻ എന്ന ഭാവം**: ദൈവത്തിനപ്പുറത്തേക്ക് വളരാൻ ആഗ്രഹിച്ച് പാതാളത്തിലേക്ക് താഴ്ത്തപ്പെട്ട ലൂസിഫറിന്റെ അതേമനോഭാവം. മറ്റുള്ളവരേക്കാൾ എല്ലാം കേമനാണ് താനെന്ന ഫരിസേയമനോഭാവം. ഇത് എന്നിൽനിന്നും തുടച്ചുനീക്കാതെ ദൈവത്തിന്റെമുമ്പിൽ ഞാൻ നീതീകരിക്കപ്പെടുകയില്ല. എനിക്കു ദൈവം ഒരുക്കിത്തന്ന സാഹചര്യങ്ങളാണ് ഞാൻ എന്തെങ്കിലും ആയിട്ടുണ്ടെങ്കിൽ എന്ന്, മനസ്സിലാകാതെപോകുന്നവരാണ് ഫരിസേയമനസ്സുമായി ഇന്നും അലയുന്നത്. മറ്റുള്ളവരേക്കാൾ ധനം, ആരോഗ്യം, സൗന്ദര്യം എന്തും ദൈവത്തിന്റെ ദാനമാണ്. എനിക്കു കിട്ടിയ സാഹചര്യങ്ങൾ മറ്റുള്ളവർക്ക് കിട്ടാതെപോയതുകൊണ്ടാണ് ഞാൻ അഹങ്കരിക്കുന്നത്. പ്രാർത്ഥിക്കുന്നവന്റെ കണ്ണുകൾക്കു മുമ്പിൽ ഉണ്ടാകേണ്ടത് ദൈവദർശനമാണ്. ഫരിസേയന്റെ കാഴ്ച അന്യന്റെ കുറവുകളിലാണ്. മറ്റുള്ളവന്റെ കുറവുകളെമാത്രം ഞാൻ കാണുമ്പോൾ ദൈവദർശനം എനിക്ക് അന്യമാണ്. അഹങ്കാരത്തിൽനിന്നാണ് പരനിന്ദയും ആത്മപ്രശംസയും ഉണ്ടാകുന്നത്. ഇവിടെയാണ് ചുങ്കക്കാരൻ പ്രാർത്ഥനയുടെ നേർകാഴ്ചയായി മാറുന്നത്. എളിമ അവനെ നീതീകരിക്കപ്പെട്ടവനാക്കി.

**3. ദൈവവുമായി താരതമ്യംചെയ്യാതെ പോകുന്നവൻ**: പാപികളോടു താരതമ്യംചെയ്ത് മേന്മനടിച്ചുനടക്കുന്ന ഫരിസേയമനോഭാവം. ക്രിസ്തുപഠിപ്പിക്കുന്നു: നിങ്ങളുടെ പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ എന്ന്. താരതമ്യം വേണ്ടത് ഞാൻ ക്രിസ്തുവിന്റെ പൂർണതയോളം എത്തിയോ എന്നതിലാണ്. ക്രിസ്തുവിനേക്കാൾ കുറഞ്ഞ ഒരു ജീവിതം ക്രിസ്തുശിഷ്യനിൽനിന്നും പ്രതീക്ഷിക്കുന്നില്ല. ഫരിസേയന്റെ താരതമ്യം ചുങ്കക്കാരനോടാണ്. പൂർണത്തിൽനിന്നും എടുക്കപ്പെട്ടത് പൂർണമായിരിക്കണം. വേദത്തിലെ പൂർണമദ: പൂർണമിദം എന്നുതുടങ്ങുന്ന ശാന്തിമന്ത്രം നൂറ്റാണ്ടുകൾക്കുമുമ്പ് പറഞ്ഞുവച്ചു, പൂർണ്ണമായതിൽനിന്നും അപൂർണ്ണമായത് ഉണ്ടാകില്ലെന്ന്. ഞാൻ ക്രിസ്തുവിന്റെ തോളോടുതോൾ ചേർന്നുനടക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ പൂർണതയോളം വളരേണ്ടിയിരിക്കുന്നു. അവിടെ താരതമ്യം ദൈവത്തോടുമാത്രം. പൗലോസ് ശ്ലീഹായുടെ ജീവിതം പരിശോധിച്ചാൽ ഇന്നത്തെ വേദഭാഗം കുറേക്കൂടെ ലളിതമാകും. ഫരിസേയചിന്ത



www.malankaralibrary.com

യുമായി അലഞ്ഞ ഒരുകാലം ശൗൽ (സാവൂൾ) എന്ന ചെറുപ്പക്കാര നുണ്ടായിരുന്നു. ക്രിസ്ത്യാനികൾ തന്നേക്കാൾ മോശപ്പെട്ടവരാണ് എന്ന ചിന്തയുമായി നടന്നവൻ; അവന്റെ ജീവിതം താരതമ്യംചെയ് തത് ക്രിസ്ത്യാനികളുമായാണ്. അവിടെ അവന്റെ സകല അഹം ഭാവങ്ങളും പുറത്തുവരുന്നു. റോമാപൗരനാണ്, ഗമാലിയേലിന്റെ ശി ഷ്യനാണ്, യഹൂദനാണ് എല്ലാം ഉള്ളവൻ; എന്നാൽ ദമാസ്കസിന്റെ പടിവാതിക്കൽവച്ച് ക്രിസ്തുവിനെ മുഖാമുഖം കണ്ടു കഴിഞ്ഞപ്പോൾ പിന്നെ താരതമ്യം ക്രിസ്തുവുമായി മാത്രം. മരണത്തിന്റെ സംസ് കാരത്തിൽനിന്നും ജീവനിലേക്ക് ഒരു മടക്കയാത്ര. എല്ലാം ദൈവ ത്തിന്റെ ദാനം ആയിരുന്നു എന്ന വെളിച്ചത്തിലേക്ക്.

ഇന്നത്തെ വേദഭാഗം ബോധ്യങ്ങളിലേക്ക് നമ്മെ തിരികെ വിളി ക്കുകയാണ് – ദൈവാശ്രയബോധമുള്ളവനാകാൻ, മറ്റുള്ളവർ എ ന്നേക്കാൾ ശ്രേഷ്ഠരെന്ന ക്രിസ്തുഭാവത്തിലേക്ക് വളരാൻ, ക്രിസ് തുവുമായി താരതമ്യം ചെയ്ത് പിതാവ് പരിപൂർണനായിരിക്കുന്നതു പോലെ ഞാനും പരിപൂർണനാകാൻ. ഫരിസേയനിൽനിന്നും ചുങ്ക ക്കാരനിലേക്കുള്ള യാത്രയാണ് പ്രാർത്ഥന, ഇതാ നിന്റെ ദാസി അ ങ്ങയുടെ ഹിതം എന്നിൽ നിറവേറട്ടെയെന്ന മാതാവിന്റെ പരിപൂർ ണ സമർപ്പണം. സർവവും സൃഷ്ടിച്ച തമ്പുരാന്റെ സൃഷ്ടികളോടുചേർ ന്ന് ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥന.

**ഫാ. നിർമലാനന്ദ് oic**



www.malankaralibrary.com

വചനബോധി
സീറോമലങ്കര

ആഗസ്റ്റ്
30

# തേജസ്ക്കരണശേഷം 4–ാം ഞായർ

## ഭാഷ്യം

**മർക്കോ 10 :35–45**

### സന്ദർഭം

ദൈവരാജ്യത്തെക്കുറിച്ചുള്ള വിചിന്തനങ്ങളാണ് ഈ വേദപുസ്തകഭാഗങ്ങളിൽ കാണുന്നത്. രണ്ടു ഭാഗമായാണ് ഇത് അവതരിപ്പിച്ചിരിക്കുന്നത്. ദൈവരാജ്യം എന്താണെന്നും അതിലേക്ക് പ്രവേശിക്കാനുള്ള മാനദണ്ഡം ഏതൊക്കെയാണെന്നും പഴയനിയമ-പുതിയനിയമ പാഠഭാഗങ്ങൾ നല്കുന്നു. ഓരോ വിശ്വാസിയും ദൈവാലയത്തെ ലക്ഷ്യമാക്കിയാണ് ജീവിതം ക്രമീകരിക്കേണ്ടത് എന്ന് ലേവ്യപുരോഹിതരുടെ തെരഞ്ഞെടുപ്പും (നിയ 18:1–8) അവരുടെ കർത്തവ്യങ്ങളും (2 ദിന 19:8–11) അനുസ്മരിപ്പിക്കുന്നു. ലേവ്യരുടെ പ്രധാനജോലി ദൈവസാന്നിധ്യമായ വാഗ്ദാനപേടകത്തോടു ചേർന്നു നില്ക്കുകയും മറ്റുഗോത്രങ്ങളെ അതിലേക്ക് ആനയിക്കുകയും ചെയ്യുക എന്നതാണ്. ലേവ്യഗോത്രത്തിന് പ്രത്യേകദേശം നല്കാതെ, എല്ലാ ഗോത്രങ്ങളിലും ലേവ്യരുടെ പട്ടണങ്ങൾ ക്രമീകരിക്കുന്നതിലൂടെ (ജോഷ്വാ 21) ദൈവത്തിങ്കലേക്ക് ജനത്തെ നയിക്കേണ്ടവനാണ് ലേവ്യൻ. അവൻ ഭക്ഷിക്കേണ്ടതും അൾത്താരയിൽനിന്നാണ്. ഇപ്രകാരമുള്ള ജീവിതത്തിൽ സഹോദരങ്ങൾക്കിടയിലെ ഭിന്നത അകറ്റാൻ ലേവ്യപൗരോഹിത്യത്തിനുസാധിക്കും. ഇതുവഴിയായി ദൈവരാജ്യത്തിന്റെ മഹത്വത്തിന്റെ, സമൃദ്ധിയുടെ, ജീവന്റെ അനുഭവം അവൻ സ്വായത്തമാക്കുന്നു.

ദൈവരാജ്യപ്രവേശനത്തിനുള്ള മാനദണ്ഡങ്ങളാണ് പുതിയനിയമവായനയുടെ പ്രതിപാദ്യവിഷയം. മിശിഹായോടൊപ്പം സഹനത്തിന്റെ കാസ പാനംചെയ്യുകയും പുതിയ വ്യക്തിയായി രൂപപ്പെടുകയും ചെയ്യുക എന്നതാണ് പ്രധാനമാനദണ്ഡം. ഇത് മിശിഹായുടെ കുരിശിലാണ് പൂർണത പ്രാപിക്കുന്നത്. ആദിമസഭ മിശിഹായെ



www.malankaralibrary.com

അനുഭവിച്ചതിന്റെ ആഘോഷമാണ് ഫിലിപ്പിയരുടെ ലേഖനം പറയുന്നത്. സഹനത്തിലൂടെ കടന്നുപോയ മിശിഹായെ ദൈവം കർത്താവും ദൈവവുമായി ഉയർത്തി (2:1-11). ജഡമോഹങ്ങളെ പരിത്യജിച്ചുകൊണ്ട് ആത്മാവിൽ കൂട്ടായ്മയുടെ അനുഭവത്തിൽ ജീവിക്കുന്നവർക്കുള്ള സമ്മാനമാണ് ദൈവരാജ്യം (1 പത്രോ 4:1-4).

## സാരം

സഹനജീവിതത്തിലൂടെ കടന്നുവന്ന് ദൈവരാജ്യത്തിന്റെ മഹത്വത്തിലേക്ക് പ്രവേശിക്കേണ്ടവനാണ് ഓരോ ക്രൈസ്തവനും. സഹനജീവിതത്തിൽപോലും കർത്താവിന്റെ പ്രമാണങ്ങൾ അഭംഗുരം കാത്തുസൂക്ഷിക്കുകയും ഹൃദയഭിത്തിയിൽ ആലേഖനം ചെയ്യുകയും ജീവിതത്തിൽ അവ ആഘോഷിക്കുകയും ചെയ്യുന്ന വിശ്വാസി മഹത്വത്തിന്റെ കൊടുമുടിയിലേക്ക് പ്രവേശിക്കുന്നു (സങ്കീ 119:1-8). ദൈവത്തിന്റെ സഭ അതിന്റെ പൂർണതയിൽ എത്തുന്നത് ഇപ്രകാരമാണ്.

## സന്ദേശം

മാമ്മോദീസായിലൂടെ മിശിഹായുടെ രാജകീയപൗരോഹിത്യത്തിലേക്ക് പ്രവേശിക്കുന്ന ഓരോ ക്രിസ്ത്യാനിയും പുരോഹിതരാണ്. ഇവരുടെ അവകാശം മിശിഹാതന്നെയാണ്. ആത്മീയമായ ഭക്ഷണത്തിന്റെ ഉറവിടം മിശിഹായുടെ അൾത്താരയാണ്. ഈ പൗരോഹിത്യത്തിന്റെ മഹനീയമായ പ്രത്യേകത എല്ലാറ്റിനെയും സ്നേഹത്തിൽ ഒന്നിപ്പിക്കുക എന്നുള്ളതാണ്. പുരോഹിതൻ ഓരോ വംശത്തെയും പ്രപഞ്ചത്തെയും സ്നേഹത്തിൽ സംയോജിപ്പിച്ചുകൊണ്ട്, തെറ്റുകൾ തിരുത്തിക്കൊണ്ട് വിശ്വാസത്തോടെ ദൈവത്തിന്റെ ആലയത്തിലേക്ക് ജനത്തെ നയിക്കാൻ വിളിക്കപ്പെട്ടവനാണ്. ഈ യാത്രയിൽ നാം തനിച്ചല്ല, മോശയെപ്പോലെ മുൻപിൽനിന്നുകൊണ്ട് നയിക്കുന്ന മിശിഹായുടെ സാന്നിധ്യം കുരിശിനെ ലക്ഷ്യംവച്ചുകൊണ്ടാണ്. ഇവിടെ വിശ്വാസി ഒരിക്കലും പതറിപ്പോകാൻ പാടില്ല. കാരണം, നാം പങ്കുചേരുന്നത് മിശിഹായുടെ സഹനത്തിലും അവിടുത്തെ പുനരുത്ഥാനത്തിലുമാണ്. ഇപ്രകാരമുള്ള എളിമനിറഞ്ഞ ജീവിതശൈലി സകല പാപങ്ങളിൽനിന്നും നമ്മെ മോചിപ്പിക്കുകയും ദൈവരാജ്യത്തിന്റെ സമൃദ്ധിയിലേക്ക് നയിക്കുകയും ചെയ്യും.

**ഡോ. സിറിയക് വലിയകുന്നുംപുറം**



www.malankaralibrary.com

# പ്രസംഗം

## സേവനസന്നദ്ധതയിലൂടെ ശിഷ്യത്വത്തിലേക്ക്

'അങ്ങയുടെ മഹത്വത്തിൽ ഞങ്ങളിൽ ഒരാൾ അങ്ങയുടെ വലതുവശത്തും മറ്റെയാൾ ഇടതുവശത്തും ഉപവിഷ്ടരാകാൻ അനുവദിക്കണമെ.' ഇത് സെബദീപുത്രന്മാരായ യാക്കോബും യോഹന്നാ നും യേശുവിനോട് അഭ്യർത്ഥിക്കുന്നതാണ്. വിശുദ്ധ മർക്കോസിന്റെ സുവിശേഷം 10-ാം അധ്യായം 35മുതൽ 45വരെയുള്ള വാക്യങ്ങളാണ് തേജസ്ക്കരണത്തിനുശേഷമുള്ള നാലാം ഞായറാഴ്ചത്തെ വായന. പത്രോസും യാക്കോബും യോഹന്നാനും യേശുവിന്റെ പരസ്യജീവിതകാലത്ത് യേശുവിനോട് കൂടുതൽ അടുപ്പമുള്ളവരായിരുന്നു എന്നു വേണം കരുതാൻ. രൂപാന്തരീകരണസമയത്തും ഗത്സെമനി യിലെ പ്രാർത്ഥനയിലും ഇവരുടെ സാമീപ്യം (9:2-8, 14:32-42) യോഹന്നാൻ അവതരിപ്പിക്കുന്നുണ്ട്. യേശുവിനോട് അപേക്ഷിക്കുന്നതെ ന്തും ചെയ്തുതരണമെന്ന് അവർ ആഗ്രഹിക്കുന്നു. യേശു ചോദിച്ചു: 'ഞാൻ എന്തുചെയ്യണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്?' ഇത്തരത്തിൽ അന്ധനായ ബർതിമേയൂസിനോടും ക്രിസ്തു പ്രതികരിക്കുന്നുണ്ട് (മർക്കോ 10:51). അവൻ ക്രിസ്തുവിനെ പിന്നീട് അനുഗമിച്ചു.

മഹത്വത്തിൽ തങ്ങൾ രണ്ടുപേരെയും ഇടത്തും വലത്തും ഉപവിഷ്ടരാകാൻ അനുവദിക്കണം. തന്റെ ജറുസലെം യാത്ര കുരിശുമരണത്തിലേക്കാണെന്ന് ക്രിസ്തു നേരത്തെ ശിഷ്യന്മാരോട് വെളിപ്പെടുത്തിയിരുന്നു (10:33-34). എന്നാൽ ക്രിസ്തു പറഞ്ഞുകൊടുത്ത മഹത്വം എന്തെന്ന് അവർക്കു മനസ്സിലായില്ല. സാമാന്യമായ അർത്ഥത്തിൽ അധികാരം സ്ഥാപിക്കുന്ന മിശിഹായുടെ ഇടംവലം ഇരിക്കുന്നവർ എന്നായിരിക്കാം ഏറ്റവുമാദ്യം അവർ ചിന്തിച്ചത്. സഹനങ്ങളിലൂടെ സാധ്യമാകുന്ന ക്രിസ്തുവിന്റെ മഹത്വം അവർ പിന്നീട് കണ്ടെത്തുന്നു. ഇത്തരം തെറ്റായ അർത്ഥത്തിലുള്ള മഹത്വംതേടൽ മതങ്ങളുടെ ചില പൊതുസങ്കല്പങ്ങളാണ്. എന്നാൽ ക്രിസ്തു സ്ഥാപിക്കുന്ന മഹത്വം സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നല്കുന്നതാണ്. ഇതാണ് ക്രൈസ്തവ ആത്മീയതയുടെ അടിസ്ഥാനം.

ക്രിസ്തുവിന്റെ പാനപാത്രത്തിൽനിന്നും കുടിക്കാൻ സാധിക്കുമെന്ന് സെബദീപുത്രന്മാർ അവകാശപ്പെടുന്നു. യേശുക്രിസ്തു അത്



www.malankaralibrary.com

അംഗീകരിക്കുന്നുമുണ്ട്. അനുഗ്രഹത്തിന്റെയും വിധിന്യായത്തിന്റെയും മരണത്തിന്റെയും പരാമർശങ്ങളുമായി പഴയനിയമത്തിൽ പാനപാത്രം പ്രത്യക്ഷമാകുന്നുണ്ട്. "ഇത് അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണെന്ന്" പാനപാത്രമെടുത്ത് ക്രിസ്തു പിന്നീട് ശിഷ്യരോട് പറയുന്നതും മർക്കോസ് രേഖപ്പെടുത്തിയിട്ടുണ്ട് (14:24). എന്നാൽ സത്യത്തിൽ കുരിശുമരണസമയത്ത് എല്ലാവരും യേശുവിൽ നിന്നകന്നുപോയി (14:50). യേശുവിനോടൊപ്പം സഹനത്തിൽ പങ്കാളിയാകാൻ ആരും ധൈര്യം പ്രകടിപ്പിച്ചില്ല.

ദൈവരാജ്യനിയമങ്ങളും ഈ ലോകനിയമങ്ങളും തമ്മിലുള്ള വ്യത്യാസം യേശു ശിഷ്യർക്കു വിശദീകരിക്കാൻ ഈ സന്ദർഭം ഉപയോഗിക്കുന്നു. 'വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം. ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനുമായിരിക്കണം.' അധികാരത്തെമാത്രം ബ ഹുമാനിക്കുകയും ശുശ്രൂഷിക്കുകയുംചെയ്യുന്ന ലോകക്രമത്തിന്റെ വിപരീതതത്വമാണിത്. ഇത് പ്രായോഗികതയിലാക്കാൻ ആദ്യം തയ്യാറായത് ഈ സിദ്ധാന്തം അവതരിപ്പിച്ച യേശുതന്നെ. ദൈവരാജ്യത്തിലേക്കുള്ള വഴിയിലും ഈ നിയമം പ്രസക്തമാണ്, പ്രയോഗിക്കേണ്ടതുമാണ്. ലോകമെല്ലാമുള്ള സകല മനുഷ്യർക്കും സേവനം ചെ യ്യുകയെന്നാൽ എല്ലാവരുടെയും ഉടയവനും യജമാനനുമായ ദൈവത്തിനു സേവനംചെയ്യുക എന്നാണർത്ഥം. അത്തരത്തിലാണ് ദൈ വം എല്ലാവരുടെയും പിതാവാകുന്നതും മതം സകലമനുഷ്യർക്കും പ്രസക്തമാകുന്നതും. ക്രിസ്തു വെളിപ്പെടുത്തിയ സുവിശേഷം ഇതാണ്.

ഈ സുവിശേഷഭാഗത്തിന് നമ്മുടെ വീട്ടിലും സമൂഹത്തിലും സഭയിലും വലിയ പ്രസക്തിയുണ്ട്. ക്രിസ്തു നേടിയ മഹത്വം ത്യാഗസുരഭിലമായിരുന്നു. എല്ലാവരെയും രക്ഷിക്കുന്ന പ്രക്രിയയിലാണ് നമ്മെയും അവിടുന്ന് ചേർത്തുനിർത്തിയിരിക്കുന്നത്. അപ്പസ്തോലന്മാരിലൂടെ ലോകമെങ്ങും പ്രഘോഷിച്ച ഈ ക്രിസ്തു സന്ദേശം നാം തുടരുകതന്നെ ചെയ്യണം.

**ഡോ. എബ്രഹാം ഇരിമ്പിനിക്കൽ**



www.malankaralibrary.com

Date of Publication: 13 July 2020 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2018-20, KL/CR/EKM/WPP-13/2018-2020 (Page 36)

# ശ്രദ്ധയ്ക്ക്

കോവിഡ് 19-ന്റെ പ്രതിരോധ - നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര- സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ചിരിക്കുന്ന ലോക്ഡൗൺ പൂർണമായും നീക്കം ചെയ്തിട്ടില്ലാത്തതിനാലും അന്തർ സംസ്ഥാന തപാൽമാർഗം സുഗമമായിട്ടില്ലാത്തതിനാലും ജൂലൈമാസ വചനബോധിയും തപാൽമാർഗം അയക്കാൻ നിർവ്വാഹമില്ല. അതിനാൽ E-mail, WhatsApp, Online എന്നീ മാർഗങ്ങളിലൂടെ അയക്കുന്നു. സദയം സഹകരിക്കുമല്ലോ.

- ചീഫ് എഡിറ്റർ

*Printed & Published by Fr. Jacob Naluparayil, Edited by Fr. Joy Chencheril, MCBS House, Perumanoor P.O, Kochi -15, Printed at Viani Printings, Kochi*

www.malankaralibrary.com